www.societytodaynews.com

2024 NOVEMBER
27
WEDNESDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# രാജ്യം വളർച്ചയുടെ പാതയിൽ: വിപണി യഥാർഥ മൂല്യത്തിലേക്ക് തിരിച്ചെത്തും

**മുംബൈ:** രണ്ടാംപാദ ഫല പ്രഖ്യാപനങ്ങൾ ഏതാണ്ട് അവസാനിച്ചു. പ്രതീക്ഷിച്ചതിലും താഴെയായിരുന്നു കമ്പനികളുടെ പ്രകടനം. ലാഭം കുറയാവുന്ന സാഹചര്യത്തിലേക്ക് പോകുന്നതിന്റെ സൂചനയാണ് പ്രവർത്തന ഫലങ്ങളിൽനിന്ന് ലഭിക്കുന്നത്. നിഫ്റ്റി 50 ന്റെ നികുതി കഴിച്ചുള്ള ലാഭം മുൻ വർഷത്തെ അപേക്ഷിച്ച് 8.4 ശതമാനം വളരുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ യഥാർത്ഥ വളർച്ച 6.6 ശതമാനത്തിലേയ്ക്ക് ചുരുങ്ങുകയാണ്. വരുമാന വളർച്ചയും മുൻവർഷത്തെയപേക്ഷിച്ച് 2.8 ശതമാനം എന്ന കുറഞ്ഞ നിലയിലാണ്. ഈയിനത്തിലെ പ്രതീക്ഷ 4.2 ശതമാനമായിരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 7.6 ശതമാനം വളർച്ച എന്നാണ് ഒന്നാം പാദത്തിൽ നിരീക്ഷിക്കപ്പെട്ടത്. ഇത് 4.2 ശതമാനമായി കുറഞ്ഞു.

കണക്കാക്കിയതിനേക്കാൾ വളരെ കുറഞ്ഞു എന്നു പറയാൻ കഴിയില്ലെങ്കിലും, ആഭ്യന്തര വിപണിയുടെ ഇപ്പോഴത്തെ സ്ഥിതി കൂടുതൽ തീവ്രമാണ്. 23 വർഷമായി കൂടിയ വാല്യുവേഷനിൽ നടക്കുന്ന ട്രേഡിംഗ് ഇന്ത്യയ്ക്കു നില നിർത്താൻ കഴിയില്ലെന്ന യാഥാർത്ഥ്യവുമായി വിപണി പൊരുത്തപ്പെടുകയാണ്. ഭാവി വരുമാന വളർച്ച കുറയുമ്പോഴും വാല്യുവേഷൻ അതിനനുസരിച്ച് ക്രമപ്പെട്ടിട്ടില്ല. ഇന്ത്യയുടെ വാല്യുവേഷൻ കുറഞ്ഞതിന്റെ ഫലമാണ് നാമിപ്പോൾ അനുഭവിക്കുന്നത്.



ഒന്നാം പാദത്തിൽ നികുതി കഴിച്ചുള്ള ലാഭ വളർച്ച 6.7 ശതമാനമായിരുന്നു. രണ്ടാംപാദവും ഇതേ രീതിയിൽ അവസാനിക്കുകയാണ്. ഒന്നാം അർധ വർഷം നികുതി കഴിച്ചുള്ള ലാഭ വളർച്ച ഏതാണ്ട് 6.6 ശതമാനമായിരിക്കും. രണ്ടാം അർധ വാർഷിക ഫലങ്ങൾ ഒന്നാം അർധ വർഷത്തേക്കാൾ ഭേദമായിരിക്കുമെന്നാണ് വിപണിയുടെ പ്രതീക്ഷ. സർക്കാർ ചിലവഴിക്കൽ മെച്ചപ്പെടുമെന്നതിനാലാണിത്. 2025 സാമ്പത്തിക വർഷത്തെ ബജറ്റ് ചെലവ് നിലനിർത്തേണ്ടതും സർക്കാരിന്റെ ബാധ്യതയാണ്. എന്നാൽ ദുർബലമായ ഒന്നാം അർധ വാർഷിക വളർച്ച കാരണം 2025 സാമ്പത്തിക വർഷത്തേക്കുള്ള ആളോഹരി ലാഭം കുറവായിരിക്കുമെന്നു വിദഗ്ധർ നിരീക്ഷിച്ചിട്ടുണ്ട്. നിഫ്റ്റി 50 ന്റെ ഇപിഎസ്, 2.5 ശതമാനം കുറച്ചു. കഴിഞ്ഞ പാദത്തിലെ ഇപിഎസ് 1,150 ആയിരുന്നെങ്കിൽ, പിതിയ എസ്റ്റിമേറ്റ് 1,121 രൂപയാണ്.

വിപണിയിൽ വീണ്ടെടുപ്പു സാധ്യമാക്കുകയും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുംവിധം വാല്യുവേഷൻ തിരുത്തപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യമാണ് ഉയരുന്നത്. 2025 സാമ്പത്തിക വർഷം 21 എന്ന പിഇ അനുപാതത്തിലും 2026 സാമ്പത്തിക വർഷം 18 എന്ന പിഇ അനുപാതത്തിൽ കുറച്ചുമാണ് ഇപ്പോൾ ഇന്ത്യയുടെ വാല്യുവേഷൻ കണക്കാക്കിയിട്ടുള്ളത്. ഇതനുസരിച്ച് ഒരു വർഷം മുന്നോട്ടുള്ള പിഇ അനുപാതം 19.6 എന്നത് സെപ്റ്റംബറിലെ 21.4 നേക്കാൾ താഴെയാണ്. ഇന്ന് ട്രേഡിംഗ് നടത്തുന്നത് 5 വർഷ ശരാശരിയായ 19.4 ഃ നേക്കാൾ അൽപം മാത്രം മുകളിലാണ് എന്നത് ദീർഘകാല നിക്ഷേപകരെ സംബന്ധിച്ചേടത്തോളം ആകർഷകമാണ്.

## ഫെൻഗൽ' ചുഴലിക്കാറ്റ്; തമിഴ്നാട്ടിൽ അതിതീവ്ര മഴ മുന്നറിയിപ്പ്, കേരളത്തിലും ജാഗ്രതാ നിർദേശം

**തിരുവനന്തപുരം:** ബംഗാൾ ഉൾക്കടലിൽ ചുഴലിക്കാറ്റ് രൂപപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനു മുകളിൽ സ്ഥിതി ചെയ്യുന്ന അതിതീവ്ര ന്യൂനമർദം ബുധനാഴ്ച 'ഫെൻഗൽ' ചുഴലിക്കാറ്റായി മാറി ശ്രീലങ്കൻ തീരം വഴി തമിഴ്നാട് തീരത്തേക്ക് നീങ്ങുമെന്നാണ് പ്രവചനം. തമിഴ്നാട്ടിൽ വിവിധയിടങ്ങളിൽ അതിതീവ്ര മഴയ്ക്കുള്ള മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

കേരളത്തിൽ അടുത്ത അഞ്ചു ദിവസം മഴയ്ക്ക് സാധ്യതയുണ്ട്. ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ യെല്ലോ അലർട്ട് നൽകി?. കേരള തീരത്ത് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്. തമിഴ്നാട് തീരം, ആന്ധ്രാപ്രദേശ് തീരം, തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ തുടങ്ങിയ ഇടങ്ങളിലും മത്സ്യബന്ധനത്തിന് പോകാൻ പാടില്ല. ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ തടസമില്ല.എന്നാണ് ജോത്സ്യന് പറയാനുള്ളത്.

## സംഘർഷം അവസാനിപ്പിച്ച് ഇസ്രയേൽ ലബനൻ വെടിനിർത്തൽ; കരാർ ലംഘിച്ചാൽ ശക്തമായി തിരിച്ചടിക്കുമെന്ന് മുന്നറിയിപ്പ്

**ജറുസലം:** ഇസ്രയേലും ലബനനും തമ്മിൽ നടന്നുവന്ന സംഘർഷം അവസാനിപ്പിച്ച് വെടിനിർത്തൽ. പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വിളിച്ചു ചേർത്ത സുരക്ഷാ മന്ത്രിസഭ വെടിനിർത്തൽ കരാർ അംഗീകരിച്ചു. യുഎസ ഫ്രഞ്ച് മധ്യസ്ഥതയിലുള്ള വെടിനിർത്തൽ പദ്ധതിപ്രകാരം ഹിസ്ബുല്ല തെക്കൻ മേഖലയിലെ താവളങ്ങളൊഴിഞ്ഞ് ലിറ്റനി നദിയുടെ വടക്കോട്ടു പിൻമാറണം. ലബനൻ അതിർത്തിയിൽ നിന്നു സൈന്യത്തെ ഇസ്രയേൽ പിൻവലിക്കും. എന്നാൽ കരാർ ലംഘിച്ചാൽ ശക്തമായി തിരിച്ചടിക്കുമെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു മുന്നറിയിപ്പു നൽകി.ഇറാനിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, സൈന്യത്തിന് വിശ്രമം നൽകുന്നതിനൊപ്പം കുറവുവന്ന ആയുധങ്ങൾ വീണ്ടും സംഭരിക്കുക, ഹമാസ് ഭീകരരെ ഒറ്റപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് വെടിനിർത്തലിനു കാരണമെന്ന് നെതന്യാഹു പറഞ്ഞു.

ലബനനിൽനിന്ന് ഇസ്രയേൽ സൈന്യം പൂർണമായി പിന്മാറാനും ലബനൻഇസ്രയേൽ അതിർത്തിയിൽ 2006ലെ യുഎൻ രക്ഷാസമിതി പ്രമേയമനുസരിച്ചുള്ള സമാധാനസേനയുടെ കാവൽ തുടരാനുമാണു യുഎസ് നിർദേശം.

## യുഎസിൽ ജെയ് ഭട്ടാചാര്യ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ഡയറക്ടറാകും; നാമനിർദേശം ചെയ്ത് ട്രംപ്



**വാഷിങ്ടൻ:** നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ഡയറക്ടറായി ജെയ് ഭട്ടാചാര്യയെ നിയുക്ത യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് നാമനിർദേശം ചെയ്തു. കൊൽക്കത്തയിൽ നിന്നുള്ള സാമ്പത്തിക വിദഗ്ധനാണ് ജെയ്. അടുത്തിടെ റോബർട്ട് എഫ്.കെന്നഡി ജൂനിയറെ ഇദ്ദേഹം സന്ദർശിച്ചിരുന്നു. ക്ലിനിക്കൽ പരീക്ഷണങ്ങളും നൂതന മെഡിക്കൽ പഠനങ്ങൾക്കുള്ള ധനസഹായവും ഉൾപ്പെടെയുള്ള യുഎസ് ബയോമെഡിക്കൽ ഗവേഷണത്തിനു മേൽനോട്ടം വഹിക്കുന്ന എൻഐഎച്ച് പുനഃസ്ഥാപിക്കണമെന്നതാണ് ജെയ്യുടെ നിലപാട്.

രാജ്യത്തിൻറെ മുൻ ചീഫ് മെഡിക്കൽ അഡ്വൈസറായ ഡോ. ആൻറണി ഫൗച്ചിയുടെ കടുത്ത വിമർശകനാണ് ജെയ് ഭട്ടാചാര്യ. 1968ൽ കൊൽക്കത്തയിൽ ജനിച്ച ജയ് ഭട്ടാചാര്യ, സ്റ്റാൻഫഡ് സർവകലാശാലയിൽ നിന്നാണ് എംഡിയും പിഎച്ച്ഡിയും നേടിയത്. നിലവിൽ സ്റ്റാൻഫഡിൽ ഹെൽത്ത് പോളിസി പ്രഫസറാണ്. സർവകലാശാലയുടെ സെൻറർ ഫോർ ഡെമോഗ്രഫി ആൻഡ് ഇക്കണോമിക്സ് ഓഫ് ഹെൽത്ത് ആൻഡ് ഏജിങ് തലവനും നാഷനൽ ബ്യൂറോ ഓഫ് ഇക്കണോമിക് റിസർച്ചിൽ റിസർച്ച് അസോഷ്യേറ്റുമാണ്,



# ഇഎസ്എ: 1,403 ചതുരശ്ര കിലോമീറ്റർ ഒഴിവാക്കാൻ കേരളത്തിന്റെ ശുപാർശ

**തിരുവനന്തപുരം:** നിലവിലെ പരിസ്ഥിതി ലോല മേഖല (ഇഎസ്എ) ഭൂപടത്തിൽനിന്ന് 98 വില്ലേജുകളിലായി 1,403.01 ചതുരശ്ര കിലോമീറ്റർ പ്രദേശം ഒഴിവാക്കാൻ കേരളത്തിന്റെ ശുപാർശ. ജില്ലാതല സൂക്ഷ്മ സമിതികൾ നൽകിയ വിവരങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന പരിസ്ഥിതി വകുപ്പ് ജില്ലകളിൽ പരിശോധനയ്ക്കായി നൽകിയ കരടുറിപ്പോർട്ടിലും കേരളം ഭേദഗതി വരുത്തി. മുഖ്യമന്ത്രിയുടെ അംഗീകാരം കൂടി ലഭിച്ച ശേഷമാണ് പരിസ്ഥിതി വകുപ്പ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയ സെക്രട്ടറിക്ക് ഈ മാസം രണ്ടിന് അന്തിമ റിപ്പോർട്ട് കൈമാറിയത്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ശുപാർശ കേന്ദ്രം അംഗീകരിക്കുമെന്നാണ് പ്രതീക്ഷ. ജില്ലകളിൽ പരിശോധനയ്ക്കായി നൽകിയ കരടുറിപ്പോർട്ട് പ്രകാരം കേരളത്തിലെ 98 വില്ലേജുകളിലായി 8711.98 ചതുരശ്ര കിലോമീറ്റർ പ്രദേശം ഇഎസ്എയായി കണക്കാക്കിയിരുന്നു. തുടർന്ന്, പഞ്ചായത്തുകളുടെ അഭ്യർഥന പ്രകാരം ചില ഭേദഗതികൾ വരുത്താൻ തീരുമാനിച്ചു. ഇതു പ്രകാരം 121.29 ചതുരശ്ര കിലോമീറ്റർ പ്രദേശം കൂടി ഇഎസ്എയിൽ നിന്ന് ഒഴിവാക്കാൻ ശുപാർശ തയാറാക്കി. ഇപ്രകാരം കേരളത്തിന്റെ ഇഎസ്എ 8590.69 ചതുരശ്ര കിലോമീറ്റർ പ്രദേശം മാത്രമാണെന്നു രേഖപ്പെടുത്തിയാണ് അന്തിമ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നത്.

ജനവാസ മേഖലകൾ ഒഴിവാക്കി, വനമേഖലയിൽ മാത്രം നിജപ്പെടുത്തി കേരളത്തിന്റെ ഇഎസ്എ വിജ്ഞാപനം ചെയ്യുന്നതിന് ആവശ്യമായ കരട് നിർദേശങ്ങൾ കേന്ദ്രത്തിന്റെ വിദഗ്ധ സമിതിയുടെ പരിഗണനയ്ക്കായി കേരളം സമർപ്പിച്ചിരുന്നു. ഇതിനു പിന്നാലെയാണ് അന്തിമ റിപ്പോർട്ട് കൂടി കൈമാറിയത്.



# ലിറ്റിൽ ഫ്ളവർ സ്കൂൾ ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റിന് തുടക്കമായി

**ആലുവ:** ആലുവ ലിറ്റിൽ ഫ്ലവർ ഇന്റർ സ്കൂൾ ബാസ്ക്കറ്റ്ബോൾ ടൂർണമെന്റിന് ആലുവ ലിറ്റിൽ ഫ്ളവർ സെമിനാരിയിൽ തുടക്കമായി. നവംബർ 26 മുതൽ 28 വരെ നടത്തപ്പെടുന്ന ടൂർണമെന്റിൽ എറണാകുളം ജില്ലയിലെ സ്കൂളുകളിൽ നിന്നും അണ്ടർ 14, അണ്ടർ 19 വിഭാഗങ്ങളിൽ 44 സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്. ടൂർണമെന്റിന്റെ ഉദ്ഘാടനം ലിറ്റിൽ ഫ്ലവർ മേജർ സെമിനാരി റെക്ടർ ഫാ. ഫ്രാൻസിസ് ചിറ്റിനപ്പിള്ളി സി. എസ്. ടി. നിർവഹിച്ചു. ആലുവ നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഫാസിൽ ഹുസൈൻ, കൗൺസിലർ ജയ്സൺ പീറ്റർ, മുൻ കേരള ബാസ്ക്കറ്റ്ബോൾ താരം ജാക്സൺ പീറ്റർ എന്നിവർ ഉദ്ഘാടന കർമ്മത്തിൽ സന്നിഹിതരായിരുന്നു. അബു ജോർജ്, ദേവസ്യ ഫ്രാൻസിസ്, ആൻറണി ദേവസ്യ എന്നിവർ മുഖ്യ സംഘാടകരായി നടത്തപ്പെടുന്ന ടൂർണമെൻറ് വഴി യുവതലമുറയ്ക്ക് ബാസ്കറ്റ് ബോളിലുള്ള മികവ് വർദ്ധിപ്പിക്കുവാൻ ലക്ഷ്യം വയ്ക്കുന്നു.

## സ്പെഷ്യൽ സമ്മറി റിവിഷൻ: നവംബർ 28 വരെ വോട്ടർ പട്ടികയിൽ പേര് ചേർക്കാം

**ആലപ്പുഴ:** സ്പെഷ്യൽ സമ്മറി റിവിഷൻ 2025 ന്റെ ഭാഗമായി നവംബർ 28 വരെ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരം. അന്തിമ വോട്ടർ പട്ടിക 2025 ജനുവരി 6 ന് പ്രസിദ്ധപ്പെടുത്തുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 17 വയസ്സ് പൂർത്തിയാക്കിയ എല്ലാവർക്കും വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് മുൻകൂറായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2025 ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തീകരിക്കുന്നവർക്ക് വോട്ടർപട്ടികയിൽ പേരു ചേർക്കുവാനുള്ള സൗകര്യവും പ്രസ്തുത തീയതി വരെ എല്ലാ താലൂക്ക് ഓഫീസ് തിരഞ്ഞെടുപ്പ് വിഭാഗത്തിലും ലഭ്യമാണ്.

ജില്ലയിലെ താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും ഒക്ടോബർ 29 ന് പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടിക പരിശോധിക്കാവുന്നതും പരിശോധനയിൽ അർഹരായ ആരെങ്കിലും ഒഴിവാക്കപ്പെട്ടതായി കണ്ടാൽ പ്രസ്തുത വോട്ടർമാരെ അവർ അർഹരാണെങ്കിൽ വീണ്ടും പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഫോറം 6ൽ അപേക്ഷ സമർപ്പിക്കുന്നതിനു വേണ്ട സഹായം എല്ലാ താലൂക്ക് ഓഫീസുകളിലെ തിരഞ്ഞെടുപ്പ് വിഭാഗത്തിലും ലഭിക്കുന്നതാണെന്ന് ജില്ല കളക്ടർ അലക്സ് വർഗ്ഗീസ് അറിയിച്ചു.

വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും തിരുത്തുന്നതിനും ഒഴിവാക്കുന്നതിനും മൊബൈൽ ഫോണിലെ പ്ലേ സ്റ്റോർ വഴി ഡൗൺ ലോഡ് ചെയ്ത് ലഭ്യമാകുന്ന വോട്ടേഴ്സ് ഹെൽപ്പ് ലൈൻ ആപ്പ് കൂടാതെ www.voters.eci.gov.in, www.ceo.kerala.gov.in എന്നീ വെബ് സൈറ്റുകളും പ്രയോജനപ്പെടുത്താവുന്നതാണ്.

## സമഗ്ര അടുക്കളത്തോട്ടം വർക്ക്ഷോപ്പ്

**ആലപ്പുഴ:** ബയോഗ്യാസ് ട്രീറ്റ്മെന്റ്റ് പ്ലാന്റിലൂടെ ഇന്റഗ്രേറ്റഡ് മൈക്രോ ഫാമിംഗ് മേഖലയിൽ സംരംഭം തുടങ്ങാൻ താൽപര്യമുള്ളവർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് (കീഡ്) ഏകദിന വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. നവംബർ 30 ന് കളമശ്ശേരിയിൽ ഉള്ള കീഡ് കാമ്പസിൽ വെച്ചാണ് പരിശീലനം. ബയോഗ്യാസ് നിർമ്മാണം, മാലിന്യ സംസ്കരണം, പാചകവാതകം, ജൈവവളം, ജൈവ കൃഷി / അടുക്കളത്തോട്ടം, ആഗോള താപന നിയന്ത്രണം എന്നീ വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചുരുങ്ങിയ സ്ഥലത്ത്, കുറഞ്ഞ ചിലവിൽ ഗൃഹങ്ങളിലും മറ്റ് കെട്ടിടങ്ങളിലും നടപ്പാക്കാവുന്ന പദ്ധതിക്ക് മികച്ച വാണിജ്യ ഭാവിയുണ്ട്. 500 രൂപആണ് പരിശീലന ഫീസ് (കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, ജിഎസ്ടി ഉൾപ്പടെ). പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഓൺലൈനായി http://kied.infot/raining-calender/ ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 50 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2532890/0484 2550322/9188922800.




# ക്രിസ്മസ് പുതുവത്സര സീസൺ: 56% വരെ ടിക്കറ്റ് നിരക്ക് കൂട്ടി കെഎസ്ആർടിസി

**ആലപ്പുഴ:** ക്രിസ്മസ് പുതുവത്സര സീസണിൽ യാത്രക്കാരെ പിഴിയാനൊരുങ്ങി കെഎസ്ആർടിസി. സംസ്ഥാനാന്തര സർവീസുകളിൽ ഫ്ലെക്സി നിരക്കിന്റെ പേരിൽ 56% വരെ ടിക്കറ്റ് നിരക്ക് കൂട്ടി. തിരുവനന്തപുരം ബെംഗളൂരു എസി മൾട്ടി ആക്സിൽ സർവീസിന്റെ ടിക്കറ്റ് നിരക്ക് 1360 രൂപയിൽ നിന്ന് 2291 രൂപയായും എസി സ്ലീപ്പർ സർവീസിന്റെ നിരക്ക് 1700 രൂപയിൽ നിന്ന് 2591 രൂപയായും വർധിച്ചു. സമാനമായ രീതിയിൽ എല്ലാ സംസ്ഥാനാന്തര സർവീസുകളുടെയും ടിക്കറ്റ് നിരക്ക് ഉയർത്തിയിട്ടുണ്ട്. ഡിസംബർ 18 മുതൽ ജനുവരി 5 വരെയുള്ള സർവീസുകൾക്കാണു കെഎസ്ആർടിസി ഫ്ലെക്സി നിരക്ക് ഈടാക്കുന്നത്. യാത്രക്കാരുടെ തിരക്കു വർധിക്കുന്ന വാരാന്ത്യങ്ങളിലും ഉത്സവ സീസണുകളിലും ടിക്കറ്റ് നിരക്ക് വർധിപ്പിക്കുന്ന ഫ്ലെക്സി സംവിധാനം 2 വർഷം മുൻപാണ് കെഎസ്ആർടിസി സംസ്ഥാനാന്തര സർവീസുകളിൽ ആരംഭിച്ചത്. 10 മുതൽ 20 ശതമാനം അധികനിരക്ക് ഈടാക്കുമെന്നായിരുന്നു പ്രഖ്യാപനം. എന്നാൽ കഴിഞ്ഞ ഓണക്കാലത്ത് ഇതു 30 ശതമാനമായി ഉയർന്നു. ഇതാണ് ഇപ്പോൾ 56 ശതമാനത്തിലേക്കു കുതിച്ചത്. അവധിക്കാലത്ത് ബെംഗളൂരുവിൽ നിന്നും മറ്റും കേരളത്തിലേക്കുള്ള യാത്രയ്ക്കു തോന്നും പോലെ നിരക്ക് വർധിപ്പിക്കുന്ന സ്വകാര്യ ടൂറിസ്റ്റ് ബസുകളുടെ കൊള്ളയിൽ നിന്നു രക്ഷപ്പെടാനാണു യാത്രക്കാർ കെഎസ്ആർടിസിയെ ആശ്രയിക്കുന്നത്. കെഎസ്ആർടിസിയും ഇങ്ങനെ നിരക്കു വർധിപ്പിച്ചാൽ എന്തു ചെയ്യുമെന്നാണു യാത്രക്കാരുടെ ചോദ്യം. എന്നാൽ ഫ്ലെക്സി നിരക്കാണെങ്കിലും സ്വകാര്യ ബസുകളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കാണ് കെഎസ്ആർടിസി ഈടാക്കുന്നതെന്നാണ് അധികൃതരുടെ വിശദീകരണം.

ക്രിസ്മസ് പുതുവത്സര സീസണിൽ കേരളത്തിലെ വിവിധ ഡിപ്പോകളിൽ നിന്നായി ബെംഗളൂരുവിലേക്ക് കെഎസ്ആർടിസി 50 സ്പെഷൽ സർവീസുകൾ നടത്തും. 50 സർവീസുകൾക്കും സംസ്ഥാനാന്തര പെർമിറ്റ് എടുത്തെങ്കിലും ഏതെല്ലാം ഡിപ്പോയിൽ നിന്നാണു സർവീസ് തുടങ്ങേണ്ടത് എന്നു തീരുമാനിച്ചിട്ടില്ല. ഉടൻ തന്നെ സ്പെഷൽ സർവീസുകളിൽ ഓൺലൈനായി ബുക്ക് ചെയ്യാൻ സാധിക്കുമെന്ന് അധികൃതർ അറിയിച്ചു. നിലവിലുള്ള പല സർവീസുകളിലും ക്രിസ്മസ് സീസണിലേക്കുള്ള ബുക്കിങ് തുടങ്ങി രണ്ടു ദിവസത്തിനുള്ളിൽ തന്നെ ടിക്കറ്റ് തീർന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# തോട്ടം മേഖലയിലെ മൊബൈൽ ടവറുകൾ കമ്മിഷൻ ചെയ്യാൻ നടപടിയില്ല

**മൂന്നാർ:** ഒരു വർഷം മുൻപ് തോട്ടം മേഖലയിൽ സ്ഥാപിച്ച മൊബൈൽ ടവറുകൾ കമ്മിഷൻ ചെയ്യാൻ നടപടിയില്ല. വന്യമൃഗശല്യം രൂക്ഷമായ തോട്ടം മേഖലയിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നതു സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതിനും മൊബൈൽ റേഞ്ച് ഇന്റർനെറ്റ് സൗകര്യങ്ങളുടെ ഇല്ലായ്മ പരിഹരിക്കുന്നതിനായി ഒരു വർഷം മുൻപാണ് വന്യമൃഗങ്ങളുടെ ശല്യം ഏറ്റവുമധികമുള്ള പ്രദേശങ്ങളിൽ 21 ബിഎസ്എൻഎൽ ടവറുകൾ സ്ഥാപിച്ചത്. വൈദ്യുതി പോയാലും ടവറുകൾ പ്രവർത്തിപ്പിക്കുന്നതിനായി സോളർ പാനലുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടിയാണ് ഇവ സ്ഥാപിച്ചത്. 4 ജി സൗകര്യങ്ങളോടുകൂടിയുള്ള ടവറുകളാണ് തോട്ടം മേഖലയിൽ സ്ഥാപിച്ചിട്ടുള്ളത്.

ഒരു വർഷം മുൻപ് ടവറുകളുടെ നിർമാണം പൂർത്തിയാക്കിയെങ്കിലും ഇവ കമ്മിഷൻ ചെയ്യാൻ അധികൃതർ തയാറായില്ല. ഇതുമൂലം വിദൂര എസ്റ്റേറ്റുകളിൽ മൊബൈൽ റേഞ്ചും ഇന്റർനെറ്റും ലഭിക്കാത്ത അവസ്ഥയാണുള്ളത്. പ്രധാനമന്ത്രിയുടെ യൂസോഫ് 500 പദ്ധതിയുടെ ഭാഗമായാണ് തോട്ടം മേഖലയിൽ ടവറുകൾ നിർമിച്ചത്. ഒക്ടോബർ ആദ്യവാരം ടവറുകൾ കമ്മിഷൻ ചെയ്യുമെന്ന് അധികൃതർ അറിയിച്ചിരുന്നെങ്കിലും ഒരു നടപടിയുമുണ്ടായില്ല. വന്യമൃഗങ്ങളുടെ സാന്നിധ്യം സംബന്ധിച്ച് വനം വകുപ്പ് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും മൊബൈൽ റേഞ്ച് ഇല്ലാത്തതിനാൽ തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

# സമ്പൂർണ ശുചിത്വ പദവി;ജില്ലാതല ശിൽപ്പശാല സംഘടിപ്പിച്ചു

**ആലപ്പുഴ:** ജില്ലയെ സമ്പൂർണ ശുചിത്വ പദവിയിലേക്ക് ഉയർത്തുന്നതിന് മുന്നോടിയായി മാർച്ച് 31 നകം നടപ്പാക്കേണ്ട കർമ്മ പദ്ധതി രൂപീകരിച്ച് ശിൽപ്പശാല. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ വിവിധ മിഷനുകളിലേയുംഏജൻസികളിലെയും ജീവനക്കാർക്ക് ഉള്ള ജില്ലാതല ശില്പശാലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ പ്രസിഡൻറുമാർ മറ്റു ജീവനക്കാർക്ക് എന്നിവർക്കുമായുള്ള ശില്പശാല മരാരിക്കുളം നോർത്ത് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു.ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.ജി. രാജേശ്വരി ശില്പശാല ഉദ്ഘാടനം ചെയ്തു.

ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, കെഎസ്.ഡബ്ലിയു.എംപി, സി കെ സി എൽ, കില എന്നിവിടങ്ങളിൽ നിന്നുള്ള ജീവനക്കാരും തദ്ദേശ സ്വയംഭരണ വകുപ്പ് ജനപ്രതിനിധികളും ജീവനക്കാരും ശില്പശാലയുടെ ഭാഗമായി. മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ 0.2 പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇനി അവശേഷിച്ചിട്ടുള്ള 128 ദിവസങ്ങൾക്കുള്ളിൽ നടപ്പാക്കേണ്ട പരിപാടികളാണ് ആസൂത്രണം ചെയ്തത്. വകുപ്പ് ഡയറക്ടറേറ്റിലെ ജോയിൻ ഡയറക്ടർ ഉമ്മുസൽമയുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ക്യാമ്പയിൻ ടീമും തദ്ദേശ ഭരണ വിഭാഗം ജോയിന്റ് ഡയറക്ടർ വി പ്രദീപ് കുമാർ, ശുചിത്വമിഷൻ കോർഡിനേറ്റർ വി.വിനോദ് കുമാർ, ഹരിത കേരളം മിഷൻ കോഡിനേറ്റർ കെ എസ് രാജേഷ്, ജില്ല നോഡൽ ഓഫീസർ സി.കെ .ഷിബു എന്നിവരും ശില്പശാലയ്ക്ക് നേതൃത്വം നൽകി.

# നോർക്കറൂട്ട്സ്ഡയറക്ടേഴ്സ് സ്കോളർഷിപ്പ്

**തിരുവനന്തപുരം:** പ്രവാസി കേരളീയരുടെയും തിരികെയെത്തിയ പ്രവാസികളുടെയും മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന നോർക്കറൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പിന് അപേക്ഷ നൽകേണ്ട അവസാന തീയതി ഡിസംബർ 15 വരെ നീട്ടി. രണ്ട് വർഷത്തിലധികമായി വിദേശത്ത് ജോലി ചെയ്യുന്ന വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപ വരെയുള്ള പ്രവാസികേരളീയരുടെയും മുൻ പ്രവാസികളുടേയും മക്കൾക്കാണ് അപേക്ഷിക്കാൻ കഴിയുക. ബിരുദാനന്തര ബിരുദ കോഴ്സുകൾക്കും പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും 202425 അധ്യയന വർഷത്തിലെ ഒന്നാംവർഷ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹത. www.scholarship.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനായി മാത്രമേ അപേക്ഷ നൽകാനാകൂ.

പഠിക്കുന്ന കോഴ്സിനുവേണ്ട യോഗ്യതാപരീക്ഷയിൽ കുറഞ്ഞത് 60 ശതമാനം മാർക്ക് കരസ്ഥമാക്കിയവരാകണം. റഗുലർ കോഴ്സുകൾക്കും കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച കോഴ്സുകൾക്കും അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാൻ കഴിയും.

വിശദവിവരങ്ങൾ 04712770528 / 2770543 / 2770500 എന്നീ നമ്പറുകളിലും നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവീസ്) ലഭിക്കും.




# ക്രീപ ഗ്രീൻ പവർ എക്സ്പോയ്ക്ക് നാളെ അങ്കമാലിയിൽ തുടക്കം

**കൊച്ചി:** കേരള റിന്യൂവബിൾ എനർജി എന്റർപ്രണേഴ്സ് ആന്റ് പ്രമോട്ടേഴ്സ് അസോസിയേഷൻ (ക്രീപ) ഗ്രീൻ പവർ എക്സ്പോയുടെ ഏഴാമത്പതിപ്പ് നാളെ മുതൽ നവംബർ 30 വരെ അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് എക്സിബിഷൻ ചെയർമാൻ ജോസ് കല്ലൂക്കാരൻ സി, ക്രീപാ പ്രസിഡന്റ് ജി. ശിവരാമകൃഷ്ണൻ, സെക്രട്ടറി എൻ. മുഹമ്മദ് ഷെഫീഖ്, ട്രഷറർ ടി. എൻ തുളസീദാസ് എന്നിവർ വാർത്താ സമ്മേളത്തിൽ പറഞ്ഞു.നാളെ രാവിലെ 10 ന് മന്ത്രി കെ.കൃഷ്ണൻ കുട്ടി പ്രദർശനം ഉദ്ഘാടനം ചെയ്യും. എൻ.ഐ.എസ്. സി ഡയറക്ടർ ഡോ, മുഹമ്മദ് റിഹാൻ മുഖ്യപ്രഭാഷണം നടത്തും. കേന്ദ്രമന്ത്രി പ്രൽഹാദ് വി.ജോഷി ഓൺലൈനായി ചടങ്ങിൽ പങ്കെടുക്കും. തുടർന്ന് പ്രധാനമന്ത്രി സൂര്യ ഘർ യോജന സെമിനാർ നടക്കും. ഈ സ്കീമിനു കീഴിൽ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള സബ്സിഡിയെക്കുറിച്ച് അറിയുക. വൈദ്യുതി ബില്ലുകൾ എങ്ങനെ ലാഭിക്കാം, കെഎസ്ഇബിക്ക് അധിക വൈദ്യുതി വിറ്റ് എങ്ങനെ പണം സമ്പാദിക്കാം എന്നിവ സംബന്ധിച്ചാണ് ചർച്ച ചെയ്യുക. . കൂടാതെ ഊർജ്ജ സംഭരണവും ഗ്രീൻ ഹൈഡ്രജനും, വൈദ്യുത വാഹന മേഖലയിലെ രൂപാന്തര പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള സെമിനാറുകളും ത്രിദിന എക്സ്പോയിൽ നടക്കും. 30 ന് ഉച്ച കഴിഞ്ഞ് രണ്ടരയ്ക്ക് നടക്കുന്ന സമാപന സമ്മേളനം കേന്ദ്രമന്ത്രി ശ്രീപദ് യെസോ നായിക്ക് ഉദ്ഘാടനം ചെയ്യും.

ഇന്ത്യയൊട്ടാകെയുള്ള പുനരുൽപാദന ഊർജ്ജ ഇന്നോവേറ്റർമാരുടെയും, നേതാക്കളുടെയും, ആസ്വാദകരുടെയും കേരളത്തിലെ ഏറ്റവും വലിയ സംഗമമാണ് പ്രദർശനം.സോളാർ, കാറ്റിൽ നിന്നുമുള്ള ഊർജ്ജം, ബയോ എനർജി തുടങ്ങിയ മേഖലകളിൽ ഏറ്റവും പുതിയ പരിഹാരങ്ങൾ അവതരിപ്പിക്കുന്ന 250ലധികം പ്രദർശകർ പങ്കെടുക്കും. പുനരുപയോഗ ഊർജ്ജ മേഖലയിൽ 30 ലധികമുള്ള പ്രമുഖ കമ്പനികളിലായി 250ലധികം സജീവ തൊഴിലവസരങ്ങൾ. എഞ്ചിനീയർമാർ, സാങ്കേതിക വിദഗ്ധർ, മാർക്കറ്റേഴ്സ് എന്നിവർക്ക് അവരുടെ കരിയർ കിക്ക്സ്റ്റാർട്ട് ചെയ്യാനോ, ഉയർത്തിയെടുക്കാനോ ഉള്ള അവസരങ്ങൾ ലഭ്യമാണെന്നും സംഘാടകർ അറിയിച്ചു. പ്രൊഫഷണലുകൾ, പ്രൊഫഷണലുകൾ അല്ലാത്തവർ, കോളജ് വിദ്യാർത്ഥികൾ എന്നിവർക്കായി യുവ ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമും പ്രദർശനത്തിൽ സംഘടിപ്പിക്കുന്നുണ്ട്. 30 ന് രാവിലെ 10.30 ന് മന്ത്രി പി രാജീവ് പ്രോഗ്രാം ഉദ്ഘാടനം ചെയ്യും.പുനരുപയോഗ ഊർജ്ജത്തിൽ നൂതന ആശയങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള വേദി വാഗ്ദാനം ചെയ്യുന്നതിനൊപ്പം വിജയിക്ക് 40,000 രൂപ സമ്മാനമായി ലഭിക്കും. ഇത് കൂടാതെ പ്രതിദിനം ലക്കി ഡ്രോ മൽസരങ്ങൾ, ത്രിദിന ബമ്പർ സമ്മാനം എന്നിവയും ഉണ്ട് ഇവന്റിന്റെ അവസാനം, ഒരു ഭാഗ്യശാലിക് ബമ്പർ സമ്മാനം നേടാം



# ക്രിസ്മസ് കാലം വന്നടുക്കുന്നു; വിപണികളിൽ മിന്നിത്തെളിഞ്ഞ് ബൾബുകളും നക്ഷത്രങ്ങളും

**തൊടുപുഴ:** കാത്തിരുന്ന ക്രിസ്മസ് കാലം ഇങ്ങ് എത്താറായി. ക്രിസ്മസിന്റെ വരവറിയിച്ച് പല വർണങ്ങളിൽ, ഡിസൈനുകളിൽ, രൂപങ്ങളിൽ വിപണികളിൽ നക്ഷത്രപ്പൂക്കാലമെത്തി. നക്ഷത്രങ്ങളും മാലബൾബുകളും അലങ്കാരങ്ങളും വാങ്ങാൻ ആളുകളെത്തി തുടങ്ങിയതോടെ വിപണിയിൽ നിറയുന്നതു പ്രതീക്ഷയുടെ തിളക്കം. വൈവിധ്യമാർന്ന എൽഇഡി, പേപ്പർ നക്ഷത്രങ്ങളാണു വിപണിയിലെ മുഖ്യ ആകർഷണം. എൽഇഡി നക്ഷത്രങ്ങൾക്കു 100,1200 രൂപ വരെയാണു വില. 1,000 രൂപ വരെയുള്ള പേപ്പർ നക്ഷത്രങ്ങൾ കടകളിൽ എത്തിയിട്ടുണ്ട്.

ക്രിസ്മസ് രാവുകളെ വർണാഭമാക്കുന്ന എൽഇഡി മാല ബൾബുകൾ 125 രൂപ മുതൽ ലഭ്യമാണ്. സാന്താക്ലോസിന്റെ വേഷവും മുഖംമൂടിയും തൊപ്പിയുമെല്ലാം കടകളിൽ എത്തിക്കഴിഞ്ഞു. ചൂരലിൽ തീർത്ത പുൽക്കൂടുകളാണു മറ്റൊരു ആകർഷണം. 800 രൂപ മുതലാണു വില. റെഡിമെയ്ഡ് പുൽക്കൂടുകളും തയാർ. 2 അടി മുതൽ 12 അടി വരെ ഉയരമുള്ള വൈവിധ്യമാർന്ന ക്രിസ്മസ് ട്രീകൾ വിൽപനയ്ക്കുണ്ട്.

30,000 രൂപവരെ വിലയുള്ള ക്രിസ്മസ് ട്രീകൾ വിപണിയിലുണ്ട്. പുൽക്കൂട്ടിൽ വയ്ക്കുന്ന ഉണ്ണിയേശു ഉൾപ്പെടെയുള്ള സെറ്റ് പ്രതിമകളും വിവിധ അലങ്കാര വസ്തുക്കളും ക്രിസ്മസ് കാർഡുകളും കുഞ്ഞ് സാന്താക്ലോസുമെല്ലാം കടകളിൽ നിരന്നുകഴിഞ്ഞു. ഡിസംബർ ആദ്യ വാരത്തോടെ ജില്ലയിലെമ്പാടും ക്രിസ്മസ് വിപണികൾ കൂടുതൽ സജീവമാകും.

# ലീലാമേനോൻ പുരസ്കാരം കെ.കെ. മധുസൂദനൻ നായർക്ക്

**കൊച്ചി:** ലീലാ മേനോന്റെ പേരിൽ അന്താരാഷ്ട്ര പുസ്തകോത്സവ സമിതി ഏർപ്പെടുത്തിയ പത്രപ്രവർത്തനരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ഈ വർഷത്തെ പുരസ്കാരം പത്രപ്രവർത്തകനായ കെ.കെ. മധുസൂദനൻ നായർക്ക്. 25000 രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് പുരസ്കാരം.വാർത്താമാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടർക്കുള്ള പുരസ്കാരം മുലപ്പാലിന്റെ ശാസ്ത്രീയ വശങ്ങളെ കുറിച്ച് എഴുതിയ എ.യു. അമൃത (മാതൃഭൂമി ദിനപത്രം), ഫോട്ടോഗ്രാഫർക്കുള്ള പുരസ്കാരം റെയിൻ കോട്ടിനെ കുറിച്ചുള്ള ചിത്രത്തിന് അരുൺ ശ്രീധർ ( മലയാള മനോരമ, കൊച്ചി), ദൃശ്യമാധ്യമ രംഗത്തെ മികച്ച ഫീച്ചറിനുള്ള പുരസ്കാരം ഒരു വിദേശ വനിതാ സംരംഭക കേരളത്തിൽ പറ്റിക്കപ്പെട്ടതിനെ കുറിച്ചെഴുതിയ ബീനാറാണി ( ജനം ചാനൽ, കൊച്ചി), ദൃശ്യമാധ്യമ രംഗത്തെ ക്യാമറാമാനുള്ള പുരസ്കാരം ഒറ്റമുറിയിൽ താമസിക്കുന്ന എറണാകുളം വരാപ്പുഴയിലെ ഒരു കുടുംബത്തിന്റെ ചിത്രം പകർത്തിയ വി.എസ്. രാഹുൽ (ന്യൂസ് 24) എന്നിവർക്കാണ്. പുരസ്കാരങ്ങൾ ഡിസംബർ മൂന്നിന് വൈകിട്ട് നാലുമണിക്ക് അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ വച്ച് പ്രശസ്ത പത്രപ്രവർത്തകൻ തോമസ് ജേക്കബ് സമ്മാനിക്കും. ടി. സതീശൻ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ഉമാ തോമസ് എംഎൽഎ., മീഡിയ അക്കാദമി ചെയർമാൻ ആർ. എസ്. ബാബു, കേരള സാഹിത്യ അക്കാദമി മുൻ സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ, കെജി ജോതിർ ഘോഷ് എന്നിവർ സംസാരിക്കും. നവംബർ 29 മുതൽ ഡിസംബർ 8 വരെ എറണാകുളത്തെ ഗ്രൗണ്ടിലാണ് അന്താരാഷ്ട്ര പുസ്തകോത്സവം.

# ഡ്രീംസോൺസ് അനിഗ്ര24: വിജയികളായി മലയാളി വിദ്യാർത്ഥികൾ

**തൃശൂർ:** കാഡ് സെന്ററിന്റെ ക്രിയേറ്റീവ് വിദ്യാഭ്യാസ വിഭാഗമായ ഡ്രീംസോൺ ചെന്നൈയിൽ സംഘടിപ്പിച്ച അനിഗ്ര24 ഫൈനലിൽ വിജയികളായി മലയാളി വിദ്യാർത്ഥികൾ. കൊച്ചി,മഞ്ചേശ്വരം, കണ്ണൂർ മേഖലയിൽ നിന്നുള്ള വിദ്യാർത്ഥികളാണ് ഫൈനൽ റൗണ്ടിൽ വിജയികളായത്. കോളജ്തലത്തിൽ നടന്ന ഷോർട്ട്ഫിലിം മത്സരത്തിൽ മഞ്ചേശ്വരം കോളജ് ഓഫ് അപ്ലൈഡ് സയൻസിലെ വിദ്യാർത്ഥി ശൈലേഷ് ബെസ്റ്റ് സിനിമാറ്റിക് അച്ചീവ്മെന്റ് പുരസ്കാരവും 25,000 രൂപയുടെ ക്യാഷ് പ്രൈസും നേടി. കൊച്ചി ഡ്രീം സോണിലെ ശരത് ബെസ്റ്റ് എക്സലൻസ് ഇൻ ഷോർട്ട് ഫിലിം പുരസ്കാരം കരസ്ഥമാക്കി. ഷോർട്ട് ഫിലിം വിഭാഗത്തിൽ അൻവർ റണ്ണറപ്പായി. അനിമേഷൻ വിഭാഗത്തിൽ കോളജ് തലത്തിൽ കണ്ണൂർ ഗവ. ഫൈൻ ആർട്സിലെ ദീപക് കുമാർ, കൊച്ചി ഡ്രീം സോണിലെ സിറാജ് എന്നിവരും പുരസ്കാരം നേടി. സ്പെഷ്യൽ കാറ്റഗറി വിഭാഗത്തിൽ ബെസ്റ്റ് ക്രിയേറ്റീവ് റീൽസ് പുരസ്കാരം അഭിജിത്തിന് ലഭിച്ചു.

ചടങ്ങിൽ മഹേഷ് ഗാംഗുലി (ഡയറക്ടർ ഓഫ് അനിമേഷൻ, ഫാന്റം എഫ് എക്സ് ), ശരത്കുമാർ എൻ (ഡയറക്ടർ, എഡ്യൂക്കേഷൻ & സ്കിലിങ്, അബായ് ), ആർ. പാർഥസാരഥി (ചെയർമാൻ,കാഡ് സെന്റർ ), എസ്. കാര്യയാടി സെൽവൻ(മാനേജിങ് ഡയറക്ടർ, കാഡ് സെന്റർ), സെന്തിൽ നായഗം (ഫൗണ്ടർ , മൗനിയം), ശ്രീ വെട്രി (ഡയറക്ടർ, നാർക്കപോർ ) ,നസാർ ജോൺ മിൽട്ടൺ (ക്രിയേറ്റീവ് ഡയറക്ടർ, ടാഗ് ), അർച്ചി ജെയിൻ (സ്ഥാപകൻ, ആർക്കിസ്ട്രി ഡിസൈൻസ് ) തുടങ്ങിയവർ പങ്കെടുത്തു.

# ഐഎസ്എൽ: 28 ന് അവസാന മെട്രോ സർവ്വീസ് രാത്രി 11 ന്

**കൊച്ചി:** ഐഎസ്എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിന്റെ ഭാഗമായി ഈ മാസം 28 ന് നടക്കുന്ന കേരള ബ്ലാസ്റ്റേഴ്സ് എഫ്സി ഗോവ മൽസരം കാണാനെത്തുന്നവർക്കായി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കുമുള്ള കൊച്ചി മെട്രോയുടെ അവസാന സർവ്വീസ് രാത്രി 11 ന് ആയിരിക്കും. ഐഎസ്എൽ മത്സരങ്ങൾ നടക്കുന്ന സമയത്ത് യാത്രക്കാർക്ക് വേണ്ടി അധിക യാത്രകളും, മറ്റ് പ്രത്യേക ക്രമീകരണങ്ങളും ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

# കുട്ടികളുടെ വൈകല്യനിർണ്ണയ ക്യാംപ് : രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** ലോക വികലാംഗദിനത്തോടനുബന്ധിച്ച് ചൈൽഡ് കെയർ സെന്ററിന്റെ നേതൃത്വത്തിൽ ഡിസംബർ മൂന്നിന് സൗജന്യമായി കുട്ടികളുടെ വൈകല്യനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കും. ക്യാംപിൽ പങ്കെടുക്കുന്നതിനായി രജിസ്ട്രേഷൻ ആരംഭിച്ചതായി ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അബ്രാഹം കെ പോൾ പറഞ്ഞു. എറണാകുളം പനമ്പിള്ളി നഗറിലെ ചൈൽഡ് കെയർ സെന്ററിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെയാണ് ക്യാംപ് നടക്കുന്നത്.

# ഹൃദയം നിലച്ച ആറ് വയസ്സുകാരിക്ക് പുതുജീവൻ നൽകി എക്മോ

**കൊച്ചി:** ഇൻഫ്ളുവൻസ (ഫ്ളു) രോഗത്തിന്റെ സങ്കീർണ്ണതയാൽ ഹൃദയപേശികൾക്ക് വീക്കം സംഭവിച്ച് അമൃത ആശുപത്രിയിൽ ചികിത്സയിലായിരുന്ന ആറുവയസ്സുകാരി ആശുപത്രി വിട്ടു.കടുത്ത പനിയുമായി തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന തൃശ്ശൂർ മേലഡൂർ സ്വദേശിനിയായ രുദ്ര വൈരയെ ഹൃദയപേശികൾക്ക് ഗുരുതരമായ വീക്കമുണ്ടായതിനെ തുടർന്ന് പതിനൊന്നാം തീയതിയാണ് കൊച്ചി അമൃത ആശുപത്രിയിലെത്തിച്ചത്.

വൈറൽ മയോകാർഡൈറ്റിസ് മൂലം ഹൃദയത്തിന്റെ പ്രവർത്തനം നിലച്ചതോടെ മൂന്ന് ദിവസത്തോളം എക്മോ സംവിധാനം ഉപയോഗിച്ചാണ് കുട്ടിയുടെ ജീവൻ നിലനിർത്തിയത് (ശരീരത്തിൽ നിന്ന് ഓക്സിജൻ കുറഞ്ഞ അശുദ്ധ രക്തത്തെ എക്മോ സംവിധാനം വഴി കടത്തിവിട്ട് ഓക്സിജൻ പൂരിതമാക്കിയ ശേഷം രക്തചംക്രമണത്തിനാവശ്യമായ മർദ്ദത്തിൽ തിരികെ ശരീരത്തിലേയ്ക്ക് നൽകുന്ന അടിയന്തിര ജീവൻ രക്ഷാചികിത്സയാണ് എക്മോ)ഫ്ളൂ അഥവാ ഇൻഫ്ളുവൻസ വളരെ സാധാരണമാണെങ്കിലും അപൂർവ്വമായി അത് കുട്ടികളിലും രോഗപ്രതിരോധശക്തി കുറഞ്ഞ മുതിർന്നവരിലും ഹൃദയത്തിന്റെ പ്രവർത്തനത്തെ ബാധിക്കാമെന്ന് ചികിത്സയ്ക്ക് നേതൃത്വം കൊടുത്ത പീഡിയാട്രിക് പൾമണറി ആൻഡ് ക്രിട്ടിക്കൽ കെയർ മേധാവി ഡോ. സജിത്ത് കേശവൻ പറഞ്ഞു.

പീഡിയാട്രിക് കാർഡിയോളജി വിഭാഗം പ്രൊഫസർ ഡോ. കെ .എച്ച്. ഷൈൻ കുമാർ, ചീഫ് പീഡിയാട്രിക് കാർഡിയാക് സർജൻ ഡോ. പി.കെ. ബ്രിജേഷ് , പീഡിയാട്രിക് പൾമണറി ആൻഡ് ക്രിട്ടിക്കൽ കെയർ കൺസൾട്ടന്റ് ഡോ. ഗ്രീഷ്മ ഐസക്ക് എന്നിവർ ചികിത്സയിൽ പങ്കാളികളായി.ചികിത്സയിലൂടെ ക്രമേണ ഹൃദയത്തിന്റെ പ്രവർത്തനം പൂർണ്ണമായി വീണ്ടെടുത്തശേഷം കുട്ടി ആശുപത്രി വിട്ടു. ചികിത്സയ്ക്ക് നേതൃത്വം നൽകിയ ഡോക്ടർമാർ, സ്റ്റാഫംഗങ്ങൾ എന്നിവർക്കൊപ്പം മധുരം പങ്കുവച്ച ശേഷമാണ് കുട്ടി വീട്ടിലേക്ക് മടങ്ങിയത്.

## കുടിവെള്ള വിതരണത്തിനൊരു സുസ്ഥിര മാതൃക

# ഫിൻലണ്ടിൽ തിളങ്ങി കേരളത്തിന്റെ സ്റ്റാർട്ടപ്പ് അഗ്വ ഇന്ത്യ

**കേരളം:** ഫിൻലൻഡിലെ ഹെൽസിങ്കിയിൽ നടന്ന ലോകത്തിലെ ഏറ്റവും പ്രശസ്തമായ സ്റ്റാർട്ടപ്പ് മേളകളിൽ ഒന്നായ സ്ലഷ് 2024ൽ നൂതനമായ കുടിവെള്ള വിതരണ വാട്ടർ മാനേജ്മെന്റ് പരിഹാരങ്ങൾ അവതരിപ്പിച്ചു ശ്രദ്ധ നേടി കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പായ അഗ്വ ഇന്ത്യ. കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) പ്രതിനിധി സംഘത്തിന്റെ ഭാഗമായി അഗ്വ ഇന്ത്യ സ്ലഷ് 2024 പങ്കെടുത്ത് കൊണ്ട് സുസ്ഥിര കുടിവെള്ള വിതരണ മോഡൽ അവതരിപ്പിച്ചത് .




ഇന്ത്യയടക്കമുള്ള ലോക രാജ്യങ്ങൾ നേരിടുന്ന പ്രതിസന്ധികളിൽ ഒന്നാണ് ശുദ്ധമായ കുടിവെള്ള വിതരണവും അതിനെ തുടർന്ന് സൃഷ്ടിക്കപ്പെടുന്ന മാലിന്യ പ്രശ്നങ്ങളും. ആഗോളാടിസ്ഥാനത്തിൽ നിലവിൽ ലഭ്യമായ കുടിവെള്ള വിതരണ മാതൃകകളുമായി സംയോജിപ്പിച്ചു കൊണ്ട് തദ്ദേശീയമായ ജലവിതരണ മാതൃകകൾ വികസിപ്പിക്കുകയും അതിൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായവും നിർമ്മിക്കുകയാണ് അഗ്വാ ഇന്ത്യ എന്ന സ്റ്റാർട്ടപ്പിന്റെ ലക്ഷ്യം. പൊതുജന പങ്കാളിത്തത്തോടെയുള്ള സർക്കുലർ മോഡൽ സമ്പദ് വ്യവസ്ഥയ്ക്കായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും കുടിവെള്ളവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തികളിലെ മലിനീകരണം പരിപൂർണമായി ഇല്ലാതാക്കി കൊണ്ടുള്ള പരിസ്ഥിതി ബോധമുള്ള പരിഹാരങ്ങളുമാണ് അഗ്വാ ഇന്ത്യ സ്റ്റാർട്ടപ്പ് മേളയിൽ അവതരിപ്പിച്ചത്. ഇന്ത്യയിലെ ഗ്രീൻ ടെക് ഇക്കോസിസ്റ്റത്തിനെ പിന്തുണക്കുന്ന സ്റ്റാർട്ടപ്പ് എന്ന നിലയിൽ കൂടി അഗ്വാ ഇന്ത്യയുടെ ആശയങ്ങൾ പ്രാധാന്യമർഹിക്കുന്നുണ്ടെന്ന് ഫിൻലണ്ടിലെ ഇന്ത്യൻ അംബാസ്സഡർ ഹേമന്ത് കൊട്ടൽവാർ പറഞ്ഞു.

കുടിവെള്ള വിതരണത്തിൽ കുപ്പികൾക്കും ക്യാനുകളും ഉപയോഗശേഷം മടക്കിയെടുക്കുന്ന ഡെപ്പോസിറ്റ്റിട്ടേൺ സംവിധാനമാണ് ഫിൻലാന്റിലെ പ്രശസ്തമായ പൽപ്പാ (ജഅഘജഅ) സിസ്റ്റം. ഈ മാതൃകയിൽ ഊന്നി കേരളത്തിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും തദ്ദേശീയമായ ഡെപ്പോസിറ്റ്റിട്ടേൺ മാതൃക അവലംബിക്കാനാണ് അഗ്വാ ഇന്ത്യയുടെ പരിശ്രമം. ഉപയോഗശേഷം കാലിക്കുപ്പികൾ തിരികെ നൽകുമ്പോൾ ഉപഭോക്താവിന് റിവാർഡ് പോയിന്റ് ലഭിക്കും. ഇത് പിന്നീട് അവർക്ക് ഉപയോഗിക്കാൻ കഴിയും. ഇതിലൂടെ ഉത്തരവാദിത്തമുള്ള ജല ഉപയോഗത്തെയും പുനരുപയോഗത്തെയും പൊതുജനങ്ങളിൽ പ്രോത്സാഹിപ്പിക്കാൻ കഴിയും.

'സ്ലഷ് 2024 ൽ ഞങ്ങളുടെ ആശയത്തിന് വലിയ പിന്തുണയാണ് ലഭിച്ചിച്ചത്.സുസ്ഥിര പരിഹാരങ്ങളിലൂടെ ജല മാനേജ്മെന്റിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ മാറ്റം കൊണ്ട് വരുന്നതിനുള്ള ഞങ്ങളുടെ ശ്രമങ്ങൾക്ക് പരിപൂർണ്ണ പിന്തുണയാണ് ലോകത്തെ വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന പ്രതിനിധികളുടെയും സംരംഭകരുടെയും ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്. കുടിവെള്ള വിതരണത്തിന് ഒരു സുസ്ഥിര മാതൃക എന്ന ഞങ്ങളുടെ ശ്രമമാണ് ഇതിലൂടെ യാഥാർഥ്യമാകുന്നതെന്ന് ഫിൻലണ്ടിൽ നിന്നും അഗ്വ ഇന്ത്യയുടെ സഹസ്ഥാപകനും ചീഫ് പ്രൊഡക്ട് ഓഫീസറുമായ ഷാഹിൻ അബ്ദുള്ള പറഞ്ഞു.

സ്ലഷ് 2024ലെ അഗുവ ഇന്ത്യയുടെ പങ്കാളിത്തം അന്താരാഷ്ട്ര സഹകരണത്തിനും പങ്കാളിത്തത്തിനും പുതിയ വാതായനങ്ങൾ തുറക്കുന്നതിന് സഹായകരമായിട്ടുണ്ടെന്നും.. നൂതനത്വവും സുസ്ഥിരതയും സംയോജിപ്പിച്ച്, ജലക്ഷാമത്തിന്റെയും ജല മാലിന്യത്തിന്റെയും നിലവിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന മികച്ച വാട്ടർ മാനേജ്മെന്റ് സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് നേതൃത്വം നൽകുക എന്നതാണ് അഗ്വ ഇന്ത്യ ലക്ഷ്യമിടുന്നതെന്ന് അഗ്വാ ഇന്ത്യ സി ഇ ഓ മുഹമ്മദ് ഷാജർ പറഞ്ഞു.

# സിനിമയുടെ അനന്ത സാധ്യതകൾ തുറക്കുന്ന കേരള ഫിലിം മാർക്കറ്റ് രണ്ടാംപതിപ്പ്

## ഡിസംബർ 11, 12, 13 തീയതികളിലായി തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** ഇരുപത്തൊമ്പതാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഭാഗമായി സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷനും ചലച്ചിത്ര അക്കാദമിയും സംയുക്തമായി സംഘടിപ്പിക്കുന്ന കേരള ഫിലിം മാർക്കറ്റിന്റെ (കെഎഫ്എം 2) രണ്ടാംപതിപ്പ് ഡിസംബർ 11, 12, 13 തീയതികളിലായി തിരുവനന്തപുരത്ത് നടക്കും. കെഎഫ്എം 2 ൽ ബി 2 ബി മീറ്റിങ്ങുകളും ലോകസിനിമയിലെ പ്രതിഭകൾ നയിക്കുന്ന ശില്പശാലകളും മാസ്റ്റർ ക്ലാസ്സുകളും ഉണ്ടായിരിക്കുമെന്നു സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ ചെയർമാൻ ഷാജി എൻ കരുൺ എറണാകുളം ഗസ്റ്റ് ഹൗസിൽ പത്രസമ്മേളനത്തിൽ അറിയിച്ചു.

സിനിമ,ഏവിജിസിഎക്സ്ആർ മേഖലകളിലെ നൂതന അറിവുകൾ ലഭ്യമാക്കുക, മലയാള സിനിമയുടെ ആഗോള വാണിജ്യസാധ്യത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തുന്ന കെഎഫ്എം 2 വേദികൾ തിരുവനന്തപുരം ടാഗോർ തീയേറ്ററും തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോയും ആയിരിക്കും. ലോകസിനിമ സഞ്ചരിക്കുന്ന വഴികൾ തിരിച്ചറിയാനുള്ള അവസരമാണ് കെഎഫ്എമ്മിലൂടെ ലഭിക്കുകയെന്ന് അദ്ദേഹം പറഞ്ഞു. ലോകസിനിമയിലെ പ്രതിഭകളുമായി സംവദിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും അവസരമുണ്ടാകും.

പാരീസ് ആസ്ഥാനമായുള്ള ഫിലിം സെയിൽസ് ഏജൻസിയായ ആൽഫ വയലറ്റിന്റെ സ്ഥാപക കെയ്കോ ഫുനാറ്റോ, ബാരേന്റ്സ് ഫിലിംസ് എഎസിന്റെ മാനേജിങ് ഡയറക്ടറും പ്രശസ്ത നിർമാതാവുമായ ഇൻഗ്രിഡ് ലിൽ ഹോഗ്ടൻ എന്നിവരുമായി ബി 2 ബി മീറ്റിംഗിന് അവസരം ഉണ്ടായിരിക്കും. കൂടാതെ പ്രശസ്ത ഛായാഗ്രാഹകൻ ആഗ്നസ് ഗോദാർദ് നേതൃത്വം നൽകുന്ന സിനിമറ്റൊഗ്രഫി ശില്പശാല, പ്രശസ്ത ഫ്രഞ്ച് സംഗീതജ്ഞ ബിയാട്രിസ് തിരെ നേതൃത്വം നൽകുന്ന പശ്ചാത്തല സംഗീത ശില്പശാല എന്നിവയും മുഖ്യ ആകർഷണങ്ങളാകും.

ആഗ്നസ് ഗോദാർദ് (സിനിമറ്റൊഗ്രഫി), ബിയാട്രിസ് തിരെ (പശ്ചാത്തല സംഗീതം), ഇൻഗ്രിഡ് ലിൽ ഹോഗ്ടൻ (കോപ്രൊഡക്ഷനും ധനസമാഹരണവും), പ്രശസ്ത തിരക്കഥാകൃത്ത് ജൂലിയറ്റ് സെലസ് (തിരക്കഥാരചന), യൂനുസ് ബുഖാരി (വിർച്വൽ പ്രൊഡക്ഷൻ), ശ്രീകർ പ്രസാദ് (എഡിറ്റിംഗ്), അജിത് പത്മനാഭൻ (ഇമഴ്സീവ് ടെക്നോളജി ഫോർ ഹെറിറ്റേജ്), ലോയിക് ടാൻഗ(ഒരു ആശയത്തിന്റെ പ്രിന്റ് മുതൽ എക്സ്റ്റന്റഡ് റിയാലിറ്റി വരെ) എന്നിവർ മാസ്റ്റർ ക്ളാസുകൾ നയിക്കും.

അനവധി പ്രതിഭകൾ വ്യത്യസ്ത വിഷയങ്ങളിൽ ഡെലിഗേറ്റുകളുമായി സംവദിക്കും. കെഎഫ്എം 2 നടക്കുന്ന മൂന്നുദിവസങ്ങളിലും വിജയിച്ച മലയാള സിനിമകളുടെ നിർമാതാക്കളുമായുള്ള ആശയവിനിമയ സെഷനും ഉണ്ടാകും.

ഡിസംബർ 13 മുതൽ 20 വരെ തലസ്ഥാനത്ത് നടക്കുന്ന ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായുള്ള പ്രധാന പരിപാടിയാണു കേരള ഫിലിം മാർക്കറ്റ്. ചലച്ചിത്ര നിർമാതാക്കൾ, ക്രീയേറ്റീവ് പ്രൊഫഷണലുകൾ എന്നിവരുടെ സജീവ പങ്കാളിത്തം പ്രതീഷിക്കപ്പെടുന്ന കേരള ഫിലിം മാർക്കറ്റ് വരുംപതിപ്പുകളിൽ ഗോവ ഫിലിം ഫെസ്റ്റിവലിലെ ഫിലിം ബസാറിന് തുല്യമായ സംവിധാനമായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണു രൂപപ്പെടുത്തിയിരിക്കുന്നതെന്നു ചെയർമാൻ പറഞ്ഞു.

ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേംകുമാർ, കോർപറേഷൻ മാനേജിങ് ഡയറക്ടർ പി എസ് പ്രിയദർശനൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# കുസാറ്റ് അക്വാട്ടിക് വാക്സിൻ ഇൻഡോ ജർമ്മൻ വർക്ക്ഷോപ്പ് ഇന്ന് മുതൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മറൈൻ സയൻസസിലെ സെന്റർ ഓഫ് എക്സലൻസ് ഫോർ അക്വാട്ടിക് വാക്സിൻ ഡെവലപ്മെന്റും ജർമ്മനിയിലെ ഹാനോവറിലെ വെറ്ററിനറി മെഡിസിൻ സർവകലാശാലയുമായി സഹകരിച്ച് അക്വാകൾച്ചറിനായുള്ള വാക്സിൻ വികസനത്തിലെ വെല്ലുവിളികളും പുതിയ അവസരങ്ങളും എന്ന വിഷയത്തിൽ നവംബർ 27 മുതൽ 29 വരെ ഇൻഡോജർമ്മൻ വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. ഇൻഡോജർമ്മൻ സയൻസ് ആൻഡ് ടെക്നോളജി കൊളാബറേഷൻ (ഐജിഎസ്ടിസി) ഇന്ത്യയുടെ പിന്തുണയുള്ള ഈ ശിൽപശാല ദേശീയ, അന്തർദേശീയ ശാസ്ത്രജ്ഞരെ ഒരു കുടക്കീഴിൽ ഉൾക്കൊളളിക്കുന്ന ഒരു പരിപാടിയാണ്. യുകെ, ജർമ്മനി, നോർവേ, തായ്ലൻഡ്, മലേഷ്യ, വിയറ്റ്നാം, ദക്ഷിണാഫ്രിക്ക, മെക്സിക്കോ, തായ്വാൻ എന്നിവിടങ്ങളിൽ നിന്നുള്ള 23 അന്താരാഷ്ട്ര ശാസ്ത്രജ്ഞരും 30 ലധികം ഇന്ത്യൻ ശാസ്ത്രജ്ഞരും അംഗീകൃത ഇൻഡസ്ട്രികളിൽ നിന്നുള്ള പ്രതിനിധികളും സംഗമിക്കുന്ന ഈ ശിൽപശാല കൊച്ചിയിലെ ഗ്രാൻഡ് ഹോട്ടലിൽ വെച്ചാണ് നടക്കുക. ഈ ശിൽപശാല 2024 നവംബർ 27 ന് ജർമ്മനിയിലെയും യുകെയിലെയും ശാസ്ത്രജ്ഞരും പങ്കെടുക്കുന്ന ശിൽപശാല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ. കെ. ജെന ഉദ്ഘാടനം ചെയ്യും. കുസാറ്റ് സെന്റർ ഓഫ് എക്സലൻസ് ഫോർ അക്വാറ്റിക് വാക്സിൻ ഡെവലപ്മെന്റ് ഡിപാർട്ട്മെൻറിൻറെ അസോസിയേറ്റ് പ്രൊഫസറും, കോർഡിനേറ്ററുമായ ഡോ പുന്നാടത്ത് പ്രീതം ഇ സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ ജർമ്മനി ഹാനോവർ വെറ്റിനറി മെഡിസ്ൻ സർവകലാശാലയിലെ ഇൻവസ്റ്റിഗേറ്റർ പ്രിൻസിപ്പൽ ഡോ മികൊലാജ് ആദ്മക്, കുസാറ്റ് വൈസ് ചാൻസലർ പ്രൊഫസർ ഡോ എം ജുനൈദ് ബുഷിരി, ഐസിഎആർ ഫിഷറീസ് സയൻസിലെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെകെ ജീന, യുകെ യിലെ മോർഡൻ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്വാകൾച്ചർ റിസേർച്ച് ഗ്രൂപ്പിൻറെ തലവൻ ഡോകിം ഡി തോംസൺ, കുസാറ്റ് സ്കൂൾ ഓഫ് മറൈൻ സയൻസിൻറെ ഡയറക്ടർ പ്രൊഫസർ ഡോ മുഹമ്മദ് ഹത്ത എന്നിവർ ചടങ്ങിൽ സംസാരിക്കും.

# മൽഹാർ 2024 കുടുംബശ്രീ ജില്ലാതല ബഡ്സ് കലോത്സവത്തിന് ഇന്ന് തിരിതെളിയും

കുടുംബശ്രീയുടെ ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർഥികളുടെ ജില്ലാതല കലോത്സവം ഇന്നും നാളെയും (നവംബർ 27,28) കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാമ്പസ്സിൽ നടക്കും. ഇന്ന് രാവിലെ 10ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ കലോത്സവം ഉദ്ഘാടനം ചെയ്യും.

മൽഹാർ 2024 എന്ന പേരിൽ നടക്കുന്ന കലോത്സവം വിഹായസം, കൂത്തമ്പലം, മണിദീപം, ചിത്രഗേഹം എന്നീ നാലു വേദികളിലായി ക്രമീകരിച്ചിരിക്കുന്നു. വിഹായസിൽ ഉൽഘാടന, സമാപന സമ്മേളനങ്ങളും,നാടോടി നൃത്തം, സംഘ നൃത്തം, ഒപ്പന തുടങ്ങിയ കലാരൂപങ്ങളും ഒരുക്കിയിരിക്കുന്നു.

കൂത്തമ്പലം എന്ന രണ്ടാംവേദിയിൽ പ്രച്ഛന്നവേഷവും വാദ്യോപകരണങ്ങളുടെ അവതരണവും മൂന്നാംവേദിയായ മണിദീപത്തിൽ ലളിതഗാനം, പദ്യപാരായണം, നാടൻ പാട്ട് മത്സരങ്ങളും നടക്കും. ചിത്രഗേഹം എന്ന നാലാം വേദിയിൽ മറ്റു കലാമത്സരങ്ങളും.

ജില്ലാ കലോത്സവത്തിൽ ഒന്നാംസ്ഥാനം നേടുന്ന കലാകാരന്മാരെ സംസ്ഥാന കലോത്സവത്തിൽ പങ്കെടുപ്പിക്കും. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന സ്കൂളുകളെ ഫസ്റ്റ്, സെക്കൻഡ്, തേർഡ് റണ്ണറപ്പുകൾ ആയി പ്രഖ്യാപിക്കും.

ഈ വർഷം മുതൽ കലാപ്രതിഭ, കലാതിലകം വിഭാഗങ്ങളിൽ സമ്മാനം നൽകും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ശാക്തീകരണവും, കലാപ്രതിഭകളുടെ ഉന്നമനവും ലക്ഷ്യമിട്ടാണു കുടുംബശ്രീയുടെ 328 ബഡ്സ് സ്ഥാപനങ്ങളിൽ പഠിക്കുന്ന 11,027 വിദ്യാർത്ഥികൾക്കു വേണ്ടി ഈ കലോത്സവം സംഘടിപ്പിക്കുന്നത്. 40 സ്കൂളുകൾ കലാമത്സരങ്ങളിൽ പങ്കാളികളാകും. നവംബർ 28ന് വൈകുന്നേരം മൂന്നിന് സമാപന സമ്മേളനം നടക്കും.

# ഹോസ്റ്റൽ വനിതാഗാർഡ് ഒഴിവ്

**കൊച്ചി:** ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ എസ്സി വർക്കിംഗ് വിമൻസ് ഹോസ്റ്റലിലെ രാത്രികാല ഷിഫ്റ്റിലേക്ക് 40 നും 50 നും മധ്യേ പ്രായമുള്ള എസ്എസ്എൽസി പാസായ പരിചയസമ്പന്നരായ വനിതാ ഗാർഡിനെ ആവശ്യമുണ്ട്. അപേക്ഷകൾ വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ 10 നുള്ളിൽ തപാൽ മുഖേനയോ യറീലറമ@ഴാമശഹ.രീാ മെയിൽ മുഖാന്തിരമോ ലഭിച്ചിരിക്കണം. വിലാസം സെക്രട്ടറി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കുസുമഗിരി പി.ഒ., കാക്കനാട് പിൻ 682030, എറണാകുളം.

# എഴുത്തുകാരിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചു

**കൊച്ചി:** ഊർജ്ജ സംരക്ഷണ വിഷയങ്ങളിൽ മലയാളത്തിൽ പുസ്തകങ്ങൾ തയ്യാറാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ എഴുത്തുകാരിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചു. എഴുത്തുകാരുടെ സഹകരണത്തോടെ മാതൃഭാഷയിൽ ഊർജ്ജ സംരക്ഷണ വിഷയങ്ങളിൽ കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നതാണ് ഉദ്ദേശ്യം. വിശദവിവരങ്ങൾക്ക് എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകാര്യം പോസ്റ്റ്, തിരുവനന്തപുരം 695017, ഫോൺ 0471 259422/24 , ഇ. മെയിൽ emck@keralaenergy.gov.in, www.keralaenergy.gov.in.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള ജില്ലയിലെ മുളന്തുരുത്തി ഐസിഡിഎസ് പ്രോജക്ടിലെ അങ്കണവാടിയിൽ സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് സ്ഥാപനങ്ങൾ /വ്യക്തികളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 11, ഉച്ചയ്ക്ക് 02:30 വരെ.

# സ്റ്റോക്ക് എക്സ്ചേഞ്ച് സംബന്ധിച്ച അവബോധം കുട്ടികൾക്ക് നൽകി സെബി ഓൾടൈം മെമ്പർ അശ്വനി ഭാട്ടിയ

**തിരുവനന്തപുരം:** വട്ടിയൂർക്കാവ് ഭാരതീയ വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിലെ സംരംഭകത്വ നിക്ഷേപ ക്ലബ്ബിന്റെ ഉദ്ഘാടനം സ്കൂൾ ഓഡിറ്റോറിയത്തിൽ സെബി ഓൾടൈംമെമ്പർ അശ്വനി ഭാട്ടിയ നിർവഹിച്ചു. കുട്ടികൾക്ക് സ്റ്റോക്ക് എക്സ്ചേഞ്ച് പ്രവർത്തനം സംബന്ധിച്ച് അവബോധം ജനിപ്പിക്കുന്ന പ്രഭാഷണവും അദ്ദേഹം നടത്തി. ചടങ്ങിൽ തിരുവനന്തപുരം കേന്ദ്ര ഓണററി ചെയർമാൻ ടി. ബാലകൃഷ്ണൻ ഐഎഎസ് അധ്യക്ഷത വഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ സുനിൽ ചാക്കോ സ്വാഗതമാശംസിച്ചു. മുൻ എസ്.ബി.ഐ ചീഫ് ജനറൽ മാനേജരും എസ്. ബി. ഐ. ചീഫ് അഡ്വൈസറു മായ എസ്. ആദികേശവൻ സംരംഭകത്വനിക്ഷേപ ക്ലബ് സംബന്ധിച്ച് പ്രഭാഷണം നടത്തി. തിരുവനന്തപുരം കേന്ദ്ര ഓണററി സെക്രട്ടറി എസ് ശ്രീനിവാസൻ ഐ.എ.എസ്(റിട്ടയേർഡ്) മുഖ്യാതിഥിക്ക് സ്നേഹോപഹാരം സമ്മാനിച്ചു. മിലൻ സംരംഭക അവാർഡ് വിതരണവും അന്തർദേശീയ ചെസ്സ് പ്രതിഭയായ മാസ്റ്റർ ഗൗതം കൃഷ്ണയെ ആദരിക്കലും ചടങ്ങിൽ നടത്തി. തിരുവനന്തപുരം കേന്ദ്ര ഓണററി അസോസിയേറ്റ് സെക്രട്ടറിയും ഡയറക്ടറുമായ ഡോക്ടർ. ജി. എൽ. മുരളീധരൻ, ഓണററി വൈസ് ചെയർപേഴ്സൺ ഡോക്ടർ. പുഷ്പ. ആർ. മേനോൻ, ഓണററി ട്രഷറർ, എസ്. സുരേഷ് എന്നിവർ സന്നിഹിതരായിരുന്നു. സ്കൂൾ വൈസ് പ്രിൻസിപ്പാൾ മഞ്ജുഷ.പി.എസ് കൃതജ്ഞത പ്രകാശിപ്പിച്ചു.

# സ്കൂൾ വിദ്യാർഥികൾക്ക് ഇൻഡസ്ട്രിയൽ വിസിറ്റ് പ്രോഗ്രാമുമായി കെ എസ് ആർ ടി സി

## ഉച്ച ഭക്ഷണം ഉൾപ്പെടുന്ന ടൂറിന് 500 രൂപയിൽ താഴെ മാത്രം

**തിരുവനന്തപുരം** സ്കൂൾ വിദ്യാർഥികൾക്ക് ഒരു ദിവസം ഭക്ഷണമുൾപ്പെടെ വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന ഇൻഡസ്ട്രിയൽ വിസിറ്റ് പ്രോഗ്രാമിന് കെ എസ് ആർ ടി സി തുടക്കം കുറിക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാർ പറഞ്ഞു.

ഉച്ച ഭക്ഷണം ഉൾപ്പെടുന്ന ടൂറിന് 500 രൂപയിൽ താഴെയായിരിക്കും ചാർജ്. രാവിലെ പുറപ്പെട്ട് വൈകിട്ട് തിരികെ എത്തുന്ന രീതിയിലാണ് ക്രമീകരണം. വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതിന് പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം ഉപയോഗിക്കും. അടുത്തഘട്ടത്തിൽ കോളേജ് വിദ്യാർഥികൾക്കുൾപ്പെടെ ഈ സേവനം ലഭ്യമാക്കും.

112 കേന്ദ്രങ്ങളിൽ നിന്നും ശബരിമല ബജറ്റ് ടൂറിസം പദ്ധതിക്കും കെ എസ് ആർ ടി സിയിൽ തുടക്കമായി. ശബരിമല ദർശനം കഴിഞ്ഞ് തിരികെ എത്തിക്കുന്ന രീതിയിൽ സർവീസ്' ക്ഷേത്രങ്ങൾ ക്രേന്ദ്രീകരിച്ചാണ് സർവീസുകൾ ആരംഭിക്കുക. ബുക്കിംഗിനനുസരിച്ച് കൂടുതൽ ബസുകൾ ക്രമീകരിക്കാനും കഴിയും. നിലവിൽ പമ്പയിൽ നന്നായി കെ എസ് ആർടിസി സർവീസുകൾ ക്രമീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.



ഡ്രൈവിംഗിന്റെ ശാസ്ത്രീയ രീതികളും മോക്ക് ടെസ്റ്റുകളും ഉൾപ്പെടുന്ന ഗതാഗത വകുപ്പിന്റെ പുതിയ മൊബൈൽആപ്പ് ഉടൻ നിലവിൽ വരുമെന്ന് മന്ത്രി അറിയിച്ചു. ഇതിൽ ഡ്രൈവിംഗുമായി ബന്ധപ്പെട്ട എല്ലാ നിയമവശങ്ങളും പഠിപ്പിക്കുന്ന വീഡിയോകൾ ഉൾപ്പെടും. മലയാളം കൂടാതെ ഹിന്ദി, ഇംഗ്ലീഷ്, തമിഴ്, കന്നഡ ഭാഷകളിലുള്ളതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നടക്കം ലോകത്തിന്റെ എതു കോണിലുള്ളവർക്കും പ്രയോജനപ്പെടുത്താം. വിവിധ ലെവലുകൾ കഴിഞ്ഞ് പരീക്ഷ പാസാകുന്നവർക്ക് ട്രാൻസ്പോർട്ട് കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റ് ലഭിക്കും. ഗതാഗത വകുപ്പിന്റെ എല്ലാ സേവനങ്ങളും ഉൾപ്പെടുന്ന മറ്റൊരു മൊബൈൽ ആപ്ലിക്കേഷനും ഉടൻ നിലവിൽ വരുമെന്നും മന്ത്രി പറഞ്ഞു. റോഡ് സേഫ്റ്റിയും കെ എസ് ആർ ടി സി റിസർവേഷനുമടക്കമുള്ള മുഴുവൻ സേവനങ്ങളും ഈ ആപ്പിൽ ലഭിക്കും. ട്രാഫിക് സിഗ്നൽ ലൈറ്റുകളുടെ സമയക്രമത്തിലെ അപാകത പരിഹരിച്ചു കൊണ്ട് പലയിടങ്ങളിലും പരിപാലനച്ചുമതല ഗതാഗത വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. അങ്കമാലി, പന്തളം, കാലടി ഉൾപ്പെടെ പല പ്രദേശങ്ങളിലും നിലവിലുണ്ടായിരുന്ന ഗതാഗത കുരുക്ക് ഒഴിവാക്കാൻ ഇതിലൂടെ കഴിഞ്ഞതായും മന്ത്രി പറഞ്ഞു.



# എൻപിസിഐ പാനൽ ചർച്ച സംഘടിപ്പിച്ചു

**കൊച്ചി:** സ്മോൾ ഫിനാൻസ് ബാങ്കുകളിലെയും (എസ്എഫ്ബി) പേയ്മെന്റ് ബാങ്കുകളിലെയും പ്രമുഖരെ ഉൾപ്പെടുത്തി എൻപിസിഐ സിനർജിയുടെ ഭാഗമായി നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) പാനൽ ചർച്ച സംഘടിപ്പിച്ചു.ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് സംവിധാനത്തിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് സഹകരണം നിർണായകമാണെന്നും എസ്എഫ്ബി, പെയ്മെന്റ് ബാങ്കുകളിലെ പ്രമുഖർ ഒത്തുകൂടിയ ഈയൊരു ചടങ്ങിൽ ഇന്ത്യയിലെ ഡിജിറ്റൽ പെയ്മെന്റിൻറെ പ്രധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ സാധിച്ചെന്നും എൻപിസിഐ എംഡിയും സിഇഒയുമായ ദിലീപ് അസ്ബെ പറഞ്ഞു.എസ്എഫ്ബികൾ, പേയ്മെന്റ് ബാങ്കുകൾ, എൻപിസിഐ എന്നിവ തമ്മിലുള്ള പങ്കാളിത്തം എങ്ങനെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും നവീകരണത്തെ മുന്നോട്ട് നയിക്കുകയും ചെയ്യും എന്നതിൽ കേന്ദ്രീകരിക്കുന്നതായിരുന്നു 'സാമ്പത്തിക സേവനങ്ങളിലെ സഹകരണ മാതൃകകൾ' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ച. ഫിനോ പേയ്മെന്റ് ബാങ്ക്, യൂണിറ്റി സ്മോൾ ഫിനാൻസ് ബാങ്ക്, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് എന്നിവിടങ്ങളിൽ നിന്നുള്ള പ്രമുഖർ ചർച്ചയിൽ പങ്കെടുത്തു. സാമ്പത്തിക സേവനങ്ങളുടെ ലഭ്യത വിപുലീകരിക്കുന്നതിനും ഇന്ത്യയിൽ വായ്പ സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി നൂതന പദ്ധതികൾ വികസിപ്പിക്കുന്നതിന് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിൽ സഹകരണത്തിൻറെ നിർണായക പങ്കിനെക്കുറിച്ച് ചർച്ച ചെയ്തു.എസ്എഫ്ബികളും പേയ്മെന്റ് ബാങ്കുകളും ഒരുമിച്ച് വരുമ്പോൾ ഉണ്ടാകുന്ന വളർച്ചയ്ക്കും നവീകരണത്തിനുമുള്ള സാധ്യതകളാണ് ഈ ചർച്ചകളിലൂടെ കാണാനായതെന്ന് എൻപിസിഐ ചീഫ് റിലേഷൻഷിപ്പ് മാനേജ്മെന്റ് രജീത് പിള്ള പറഞ്ഞു.

# കാക്കനാട് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മെഗാ കറൻസി ചെസ്റ്റ് തുറന്നു

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പുതിയ മെഗാ കറൻസി ചെസ്റ്റ് കാക്കനാട് പ്രവർത്തനമാരംഭിച്ചു.ആർബിഐ കേരള ലക്ഷദ്വീപ് റീജണൽ ഡയറക്ടർ തോമസ് മാത്യു (തിരുവനന്തപുരം) കറൻസി ചെസ്റ്റ് ഉദ്ഘാടനം ചെയ്തു. രാജ്യത്തുടനീളം സൗത്ത് ഇന്ത്യൻ ബാങ്കിന് 6 ചെസ്റ്റുകളാണ് ഉള്ളത്.ബാങ്കിങ് സേവനങ്ങളുടെ കാര്യക്ഷമതയും വിശ്വാസ്യതയും മെച്ചപ്പെടുത്തുന്ന സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പ്രവർത്തനങ്ങളിലെ സുപ്രധാന ചുവടുവെപ്പാണ് കറൻസി ചെസ്റ്റ് തുറക്കുന്നതിലൂടെ സാധ്യമായതെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു. എറണാകുളത്തേയും സമീപ പ്രദേശങ്ങളിലെയും ക്യാഷ് മാനേജ്മന്റ് മികച്ചതാക്കാൻ കറൻസി ചെസ്റ്റ് വഴി കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും സൗത്ത് ഇന്ത്യൻ ബാങ്കും തമ്മിലുള്ള സേവന പങ്കാളിത്തത്തിന്റെ ഭാഗമായാണ് കറൻസി ചെസ്റ്റ് ആരംഭിച്ചത്. കറൻസികൾ കൈകാര്യം ചെയ്യുക എന്നത് ആർബിഐയുടെ പ്രാഥമിക ധർമ്മമാണ്. നല്ല കറൻസി നോട്ടുകൾ പൊതുജനങ്ങളിലേക്ക് എത്തിക്കുവാൻ ഇത്തരം കറൻസി ചെസ്റ്റുകൾ റിസർവ് ബാങ്കിനെ സഹായിക്കും, ആർബിഐ കേരള ലക്ഷദ്വീപ് റീജണൽ ഡയറക്ടർ തോമസ് മാത്യു പറഞ്ഞു.ചടങ്ങിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ചെയർമാൻ വിജെ കുര്യൻ ഐഎഎസ് (റിട്ട.), ഡയറക്ടർമാരായ എം ജോർജ് കോര, പോൾ ആന്റണി ഐഎഎസ് (റിട്ട.), എക്സിക്യൂട്ടീവ് ഡയറക്ടർ ഡോൾഫി ജോസ്, ചീഫ് ജനറൽ മാനേജർ ആന്റോ ജോർജ് ടി എന്നിവർ പങ്കെടുത്തു.


# വിയുടെ ബി സംവൺസ് വീ കാമ്പെയിൻ

**കൊച്ചി:** മുൻനിര ടെലകോം സേവന ദാതാവായ വി ദേശീയ തലത്തിൽ തുടർന്നു കൊണ്ടിരിക്കുന്ന ശൃംഖലാ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ മണിക്കൂറിലും നൂറു ടവറുകൾ കൂട്ടിച്ചേർക്കുന്നതിനെ കുറിച്ചുള്ള ബി സംവൺസ് വീ കാമ്പെയിനു തുടക്കം കുറിച്ചു. ഈ വർഷം നടത്തിയ ധനസമാഹരണത്തിനു ശേഷം ശൃംഖല വിപുലീകരിക്കുന്നതിനുള്ള അതിവേഗ നീക്കങ്ങളാണ് കമ്പനി നടത്തി വരുന്നത്. ഇതിൻറെ ഭാഗമായാണ് ഓരോ മണിക്കൂറിലും നൂറു ടവറുകൾ വീതം കൂട്ടിച്ചേർക്കുക എന്ന നേട്ടം കൈവരിച്ചത്. കണക്ഷനുകളുടെ ശക്തിയെ കുറിച്ച് എല്ലാവരേയും ഓർമിപ്പിക്കുന്നതാണ് ബി സംവൺസ് വീ കാമ്പെയിനെന്ന് വി സിഎംഒ അവനീഷ് ഖോസ്ല പറഞ്ഞു.

ബ്രാൻഡിൻറെ തത്വശാസ്ത്രവുമായി ചേർന്ന് നിൽക്കുന്ന രീതിയിൽ ഹൃദയത്തേയും മനസിനേയും സന്തുലിതമായി കൊണ്ടുപോകുന്ന രീതിയിലാണ് ബി സംവൺസ് വീ കാമ്പെയിനെന്ന് ഓഗിൾവി ഇസിഡി രോഹിത്ത് ദുബെ പറഞ്ഞു.

ബോർഡർഗവാസ്ക്കർ ട്രോഫിയുടെ തുടക്കത്തോട് അനുബന്ധിച്ചാണ് കാമ്പെയിൻ പുറത്തിറക്കിയത്.

# ലുലു ട്രാവൽ ഫെസ്റ്റിന് കൊച്ചിയിൽ തുടക്കമായി



**കൊച്ചി :** യാത്രകൾക്ക് ആവശ്യമായ ബാഗുകളും അക്സ്സറീസും മികച്ച ഓഫറുകളോടെ ഉപഭോക്താക്കളിലേക്ക് എത്തിച്ച് ലുലു ട്രാവൽ ഫെസ്റ്റിന് കൊച്ചി ലുലു മാളിൽ തുടക്കം. ലോകോത്തര ബ്രാൻഡുകളുടെ ബാഗുകളും ട്രാവൽ അക്സസറീസും 70 ശതമാനം വരെ ഓഫറോടെയാണ് ലഭ്യമാക്കിയിരിക്കുന്നത്. സിനിമാതാരങ്ങളായ ഷെറഫുദ്ദീൻ, ഐശ്വര്യ ലക്ഷ്മി എന്നിവർ ചേർന്ന് ലുലു ട്രാവൽ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. അമേരിക്കൻ ടൂറിസ്റ്റർ, സഫാരി, വിഐപി, സ്കൈബാഗ്സ് തുടങ്ങി നിരവധി ബ്രാൻഡുകളുടെ ബാഗുകളും ട്രാവൽ അക്സസറീസുമാണ് ഫെസ്റ്റിലുള്ളത്. ട്രോളി ബാഗുകൾ, ഓഫീസ് ബാഗുകൾ, ബാക്ക്പാക്ക് ബാഗ്സ്, നെക്ക് പില്ലോ തുടങ്ങി നിരവധി പ്രൊഡക്ടുകളാണ് ഫെസ്റ്റിൽ ഒരുക്കിയിരിക്കുന്നത്. പ്രീമിയം കാളിറ്റി ഉത്പന്നങ്ങളും വൈവിധ്യമാർന്ന കളർകോമ്പിനേഷനുകളിലുമുള്ള ബാഗുകളാണ് ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. ഡിസംബർ 1 വരെയാണ് ലുലു ട്രാവൽ ഫെസ്റ്റ്.ലുലു മാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ്, ലുലു ഹൈപ്പർമാർക്കറ്റ് ഡെപ്യൂട്ടി ജനറൽ മാനേജർ ആർ. രാജീവ് , ലുലു ഫാഷൻ സ്റ്റോർ മാനേജർ വിജയ് ജെയിംസ്, സീനിയർ ഓപ്പറേഷൻസ് മാനേജർ ഒ.സുകുമാരൻ തുടങ്ങിയവരും ചടങ്ങിൽ' സംബന്ധിച്ചു.

# സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുമായി മണിപ്പാൽസിഗ്ന

**തൃശ്ശൂർ:** ആരോഗ്യ ഇൻഷുറൻസ് കമ്പനിയായ മണിപ്പാൽസിഗ്ന മധ്യവർഗക്കാരെ ലക്ഷ്യമിട്ടുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ സർവ അവതരിപ്പിച്ചു. സർവ ഉത്തം, സർവ പരം, സർവ പ്രഥം എന്നിങ്ങനെ മൂന്നു പദ്ധതികളാണ് ലഭ്യമാക്കുക. മിക്കവാറും എല്ലാ മാരക ആരോഗ്യ വെല്ലുവിളികൾക്കും എതിരെ പരിരക്ഷ നൽകുന്നതാണ് മണിപ്പാൽസിഗ്ന സർവ ഉത്തം. കാൻസർ, ഹൃദ്രോഗം, സ്ട്രോക്, പ്രധാന അവയവങ്ങളുടെ മാറ്റിവെക്കൽ തുടങ്ങിയവയ്ക്ക് മൂന്നു കോടി രൂപ വരെയുള്ള സമഗ്ര ആശുപത്രി ചികിൽസാ പരിരക്ഷ ഇതിലൂടെ നേടാം. കാത്തിരിപ്പു കാലമില്ലാതെ ആദ്യ ദിവസം മുതൽ തന്നെ പരിരക്ഷ നൽകുന്നതാണ് മണിപ്പാൽസിഗ്ന സർവ പരം. പരിധിയില്ലാത്ത പരിരക്ഷാ തുകയും ഈ പദ്ധതിയിൽ ലഭ്യമാണ്. മണിപ്പാൽസിഗ്ന സർവ പ്രഥം താങ്ങാനാവുന്ന നിലയിൽ അനിവാര്യമായ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷാ തെരഞ്ഞെടുപ്പാണ് ലഭ്യമാക്കുന്നതെന്ന് മണിപ്പാൽസിഗ്ന ഹെൽത്ത് ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രസൂൺ സിക്ദർ പറഞ്ഞു. കേവലം ആരോഗ്യ ഇൻഷുറൻസ് ലഭ്യമാക്കുക മാത്രമല്ല ആരോഗ്യ സേവനങ്ങളും അതു നേടാനുള്ള കഴിവും തമ്മിലുള്ള അന്തരം നികത്തുക കൂടിയാണ് മണിപ്പാൽസിഗ്ന ചെയ്യുന്നതെന്നും പ്രസൂൺ സിക്ദർ പറഞ്ഞു.



# യുഇഎൽ ഇന്ത്യ ടൂർ 2024 സമാപിച്ചു

**ന്യൂഡൽഹി:** ഈസ്റ്റ് ലണ്ടൻ യൂണിവേഴ്സിറ്റി (യുഇഎൽ) സീമെൻസും ടിഹബ്ബുമായി സഹകരിച്ച് നടത്തിയ ഇന്ത്യ ടൂർ 2024 സമാപിച്ചു. ചെന്നൈ , ഹൈദരാബാദ്, വഡോദര എന്നിവിടങ്ങളിലായിരുന്നു പര്യടനം. ടൂറിന്റെ ഭാഗമായി സുസ്ഥിര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായഅക്കാദമിക് പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും വനിതാ ശാക്തീകരണം ലക്ഷ്യമിട്ടും സമ്മേളനങ്ങൾ, വട്ടമേശകൾ, അവാർഡ് ദാന ചടങ്ങുകൾ തുടങ്ങിയവ നടന്നു.

കുറഞ്ഞ കാർബൺ നിർമ്മാണ വസ്തുവായ ഷുഗർക്രീറ്റ്ണ്ണ പോലുള്ള ശ്രദ്ധേയമായ കണ്ടുപിടുത്തങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടാണ് ചെന്നൈയിൽ പര്യടനം ആരംഭിച്ചത്. പാരിസ്ഥിതിക വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനും സുസ്ഥിര പരിഹാരങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനും വ്യവസായ വിദഗ്ധർ, അക്കാദമിക് വിദഗ്ധർ തുടങ്ങിയവർ സമ്മേളനങ്ങളുടെ ഭാഗമായി. സമാപന സമ്മേളനത്തിന്റെ ഭാഗമായി വഡോദരയിൽ വിവിധ മേഖലകളിലെ വനിതാ നേതാക്കളെ ആദരിക്കുന്ന വിമൻ ഇൻ ലീഡർഷിപ്പ് അവാർഡുകൾ വിതരണം ചെയ്തു.

കാലാവസ്ഥാ വ്യതിയാനം, ലിംഗ അസമത്വം തുടങ്ങിയ ആഗോള വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുള്ള ശ്രമങ്ങൾ തുടരുകയുംആഗോളസമൂഹത്തിന്റെ ശോഭനമായ ഭാവിക്കായി ഒത്തൊരുമിച്ച് പ്രവർത്തിക്കുകയുമാണ് വേണ്ടതെന്ന് യുഇഎൽ വൈസ് ചാൻസലറും പ്രസിഡന്റുമായ പ്രൊഫസർ അമണ്ട ജെ ബ്രോഡെറിക് പറഞ്ഞു.

# യൗമീ, സുഷി ഫെസ്റ്റിവൽ ആരംഭിച്ചു




**കൊച്ചി:** ജാപ്പനീസ് രുചികൾ അനുഭവിക്കാനും ജാപ്പനീസ് പാചകകല പരിചയപ്പെടാനും അവസരമൊരുക്കി യൗമീ, സുഷി ഫെസ്റ്റിവൽ ആരംഭിച്ചു. രാജ്യത്തുടനീളമുള്ള യൗമീ ഔട്ട്ലെറ്റുകളിൽ ഈ മാസം 21ന് ആരംഭിച്ച ഫെസ്റ്റിവൽ ഡിസംബർ 25ന് സമാപിക്കും.

സുഷി ഫെസ്റ്റിവൽ മെനുവിൽ സസ്യാഹാരം മുതൽ സമൃദ്ധമായ സമുദ്രവിഭവങ്ങൾ വരെയുള്ള ആഗോള രുചികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡൽഹി എൻസിആർ, മുംബൈ, ബാംഗ്ലൂർ, പൂനെ, ഹൈദരാബാദ്, കൊച്ചി എന്നിവിടങ്ങളിലുള്ള യൗമീയുടെ 22 ഔട്ട്ലെറ്റുകളിലും പൂനെയിലും മുംബൈയിലും സ്ഥിതി ചെയ്യുന്ന ഷിസുസൻ 2 ഔട്ട്ലെറ്റുകളിലും സുഷി ഫെസ്റ്റിവലിന്റെ ഭാഗമായുള്ള വിഭവങ്ങൾ ലഭിക്കും.

ഹോസോമാക്കി റോൾ, എഡമാം കാലിഫോർണിയ,, പാരഡൈസ് റോൾ. ഉറാമാക്കി റോൾ, അമേരിക്കൻ വിഭവമായ ക്രഞ്ചി ഉനാഗി, വെജിറ്റേറിയൻ ഇനമായ വെഗ്ഗീസ് ഗങ്കൻ തുടങ്ങി വൈവിധ്യമാർന്ന നൂറുകണക്കിന് വിഭവങ്ങൾ സുഷി ഫെസ്റ്റിവലിന്റെ ഭാഗമായി ലഭിക്കും,. യൗമീയിൽ, നവീനവും ഉയർന്ന നിലവാരമുള്ളതുമായ ചേരുവകൾക്കൊപ്പം ക്ലാസിക് സാങ്കേതികവിദ്യകൾ സമന്വയിപ്പിച്ചാണ് സവിശേഷമായ ജാപ്പനീസ് രുചി നൽകുന്നതിന് ഓരോ വിഭവവും തയ്യാറാക്കുന്നതെന്ന് കമ്പനി പറയുന്നു. വ്യത്യസ്തമായ രുചികൾ തേടുന്നവരെ തൃപ്തിപ്പെടുത്തുന്ന പാൻഏഷ്യൻ പാചകരീതിയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ലൈറ്റ് ബൈറ്റ് ഫുഡ്സ് ഡയറക്ടർ രോഹിത് അഗർവാൾ പറഞ്ഞു.


# അവീനോ ബേബിയുടെ സ്റ്റാർട്ട് ഏർലി, സ്റ്റോപ് അടോപിക് ഡെർമറ്റൈറ്റിസ് കാമ്പയിൻ

**കൊച്ചി:** അവീനോ ബേബി സ്റ്റാർട്ട് ഏർലി, സ്റ്റോപ് അടോപിക് ഡെർമറ്റൈറ്റിസ് കാമ്പയിന് തുടക്കമിട്ടു. നവജാതശിശുക്കളിൽ മോയ്സ്ചുറൈസറുകളുടെ നേരത്തെയുള്ള ഉപയോഗത്തിലൂടെ അടോപിക് ഡെർമറ്റൈറ്റിസ് തടയാൻ സാധിക്കുമെന്നതാണ് അവീനോ ബേബിയുടെ പുതിയ കാമ്പയിനിലൂടെ പറയുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.കൂടാതെ ഡെർമറ്റോളജിക്കൽ ഡിസീസ് ബോധവത്ക്കരണ കാമ്പയിനുള്ള ഗിന്നസ് ലോക റെക്കോർഡും അവീനോ ബേബി സ്വന്തമാക്കി. 11201 ഇന്ത്യൻ ശിശുരോഗവിദഗ്ധർ, ഡെർമറ്റോളജിസ്റ്റുകൾ, ഹെൽത്ത്കെയർ പ്രൊഫഷണലുകൾ എന്നിവരുമായി കൈകോർത്താണ് ഈ റെക്കോർഡ് തകർത്തത്.അടോപിക് ഡെർമറ്റൈറ്റിസ് പോലെയുള്ള സെൻസിറ്റീവ് ചർമാവസ്ഥയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടയാണ് അവീനോ ബേബി ' സ്റ്റാർട്ട് ഏർലി, സ്റ്റോപ് അടോപിക് ഡെർമറ്റൈറ്റിസ്' എന്ന കാമ്പയിന് തുടക്കമിട്ടത്.

അടോപിക് ഡെർമറ്റൈറ്റിസ് പോലെയുള്ള ചർമാവസ്ഥ കൈകാര്യം ചെയ്യുന്നതിന് ഓട്സ് അടിസ്ഥാനമാക്കിയുള്ള മോയ്സ്ചറൈസറുകളുടെ പ്രാധാന്യം എടുത്തുകാട്ടുന്നതായിരുന്നു കാമ്പയിൻ.

സെൻസിറ്റീവ് ചർമം പ്രത്യേക പരിചരണം ആവശ്യമുള്ളതാണെന്നും ശിശുക്കളിലെ സെൻസിറ്റീവ് ചർമാവസ്ഥകളെകുറിച്ചും അത് കൈകാര്യം ചെയ്യാൻ ആവശ്യമായ ചികിത്സാ നടപടികളെക്കുറിച്ചും കാര്യമായ അവബോധമില്ലന്നും കെൻവ്യൂ എസെൻഷ്യൽ ഹെൽത്ത് ആൻഡ് സ്കിൻ ഹെൽത്ത് ബിസിനസ് യൂണിറ്റ് ഹെഡും മാർക്കറ്റിംഗ് വൈസ് പ്രസിഡൻറുമായ മനോജ് ഗാഡ്ഗിൽ പറഞ്ഞു.

രാജ്യത്തുടനീളമുള്ള പ്രമുഖ ഹെൽത്ത്കെയർ പ്രൊഫഷണലുകളുമായി സഹകരിച്ച്, കുട്ടികളിലെ അടോപിക് ഡെർമറ്റൈറ്റിസ് പോലെയുള്ള അങ്ങേയറ്റം സെൻസിറ്റീവ് ചർമാവസ്ഥകൾ കൈകാര്യം ചെയ്യാൻ ഓട്സ് അടിസ്ഥാനമാക്കിയിടുള്ള മോയ്സ്ചറൈസറുകളുടെ പങ്കിനെ കുറിച്ചുള്ള അവബോധം ശക്തമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.




# ഡബ്ല്യുടിഒ ഫിഷറീസ് സബ്സിഡി: വികസ്വര രാജ്യങ്ങളെ പ്രത്യേകമായി പരിഗണിക്കണമെന്ന് വിദഗ്ധർ

**കൊച്ചി:** മത്സ്യമേഖലയിൽ സബ്സിഡി നിർത്തലാക്കുന്ന ലോക വ്യാപാര സംഘടനയുടെ (ഡബ്ല്യുടിഒ) കരാറിൻമേലുള്ള ചർച്ചകളിൽ ചെറുകിട മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന് ഊന്നൽ നൽകണമെന്ന് ആവശ്യം. സബ്സിഡി വിഷയത്തിൽ വികസ്വര രാജ്യങ്ങളെ പ്രത്യേകമായി പരിഗണിക്കണമെന്ന് കൊച്ചിയിൽ നടന്ന പാനൽ ചർച്ചയിൽ വിദഗ്ധർ നിർദേശിച്ചു.കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനവുമായി (സിഎംഎഫ്ആർഐ), സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിറ്റി (എംപിഇഡിഎ) എന്നിവരുമായി സഹകരിച്ച് ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷൻ (ബിഒബിപിഐജിഒ) സംഘടിപ്പിച്ച ചർച്ചയിൽ ഫിഷറീസ് ശാസ്ത്രജ്ഞർ, സാമ്പത്തിക വിദഗ്ധർ, വ്യാപാരനിക്ഷേപനിയമ രംഗത്തെ വിദഗ്ധർ എന്നിവർ പങ്കെടുത്തു.

മത്സ്യമേഖലയിൽ വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളും വലിയ അന്തരമാണുള്ളത്. മുൻകാലങ്ങളിൽ, സബ്സിഡികൾ മുഖേനയാണ് വികസിത രാജ്യങ്ങൾ അവരുടെ ഫിഷറീസ് രംഗം വൻവ്യവസായമാക്കി മാറ്റിയത്. ഇതിലൂടെ, വ്യാവസായിക യാനങ്ങൾ നിർമിച്ച് പരിസ്ഥിതി ആഘാതങ്ങൾ പരിഗണിക്കാതെ വൻതോതിൽ വിഭവചൂഷണം നടത്തി. എന്നാൽ, ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലെ മീൻപിടുത്തം ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാണ്. മാത്രമല്ല, രാജ്യത്ത് ഭക്ഷ്യ ഭദ്രതതയെ താങ്ങിനിർത്തുന്നതിൽ മത്സ്യമേഖല സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. അതിനാൽ, ഈ കരാറിൻമേലുള്ള ചർച്ചകൾ മത്സ്യബന്ധന മേഖലയിലെ സുസ്ഥിര വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും ചെറുകിട മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിലും ഊന്നൽ നൽകണമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

ലോക ഭക്ഷ്യ കാർഷിക സംഘടനയെ (എഫ് എ ഒ) പ്രതിനിധീകരിച്ച് സാമ്പത്തിക വിദഗ്ധ പിനർ കർക്കയ സംസാരിച്ചു. മത്സ്യമേഖലയിൽ സുസ്ഥിരത ഉറപ്പാക്കാൻ കരാർ പ്രയോജനകരമാകുമെന്ന് അവർ പറഞ്ഞു.എന്നാൽ, കരാറിലെ നിർവചനങ്ങളും പല വ്യവസ്ഥകളും ആശങ്കാജനകമാണെന്ന് ചർച്ചയിൽ സംസാരിച്ച വിദഗ്ധർ അഭിപ്രായപ്പെട്ടു. കരാറിൽ സൂചിപ്പിച്ച അമിതമത്സ്യബന്ധനം, നിയമവരുദ്ധ മീൻപിടുത്തം, അമിതചൂഷണം എന്നിവ കൃത്യമായി വിലയിരുത്താൻ ശാസ്ത്രീയ പിന്തുണ ആവശ്യമാണ്. ഇതിന്, വിവിധ രാജ്യങ്ങൾ തമ്മിൽ സഹകരണം ആവശ്യമാണ്.

ചൈന പോലുള്ള പ്രധാന മത്സ്യബന്ധന രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയുടെ സബ്സിഡി വളരെ കുറവാണ്. സബ്സിഡികൾ പ്രതിശീർഷ അടിസ്ഥാനത്തിൽ കണക്കാക്കുകയാണ് വേണ്ടതെന്നും പാനൽ ചർച്ചയിൽ നിർദേശം വന്നു.തായ്ലൻഡ്, ശ്രീലങ്ക, ബംഗ്ലാദേശ്, മാലിദ്വീപ്, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു. ബിഒബിപി ഡയറക്ടർ ഡോ പി കൃഷ്ണൻ ചർച്ച നിയന്ത്രിച്ചു.ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ട്രേഡിലെ സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലോ മേധാവി പ്രൊഫ ജെയിംസ് നെടുമ്പറ,എംപിഇഡിഎ ഡയറക്ടർ ഡോ എം കാർത്തികേയൻ, തമിഴ്നാട് നാഷണൽ ലോ യൂണിവേഴ്സിറ്റിയിലെ ഡോ. എസ് അമൃതലിംഗം, നളന്ദ സർവകലാശാലയിലെ ഡീൻ ഡോ. കിഷോർ ധവാല, മുംബൈയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എഡ്യൂക്കേഷനിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ പി എസ് അനന്തൻ, സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലോയിലെ ലീഗൽ കൺസൾട്ടന്റ് സുനന്ദ തിവാരി എന്നിവർ സംസാരിച്ചു.




# കേരളം ലക്ഷ്യമിടുന്നത് വ്യവസായങ്ങളിൽ നിന്ന് ഒരു ലക്ഷം കോടി വിറ്റുവരവ്: മന്ത്രി പി രാജീവ്

**കൊച്ചി:** അടുത്ത ഏതാനം വർഷങ്ങൾക്കുള്ളിൽ പ്രതിവർഷം 100 കോടി രൂപ വിറ്റുവരവുള്ള 1000 വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. കേരളത്തിലെ സംരംഭകരെ ആദരിക്കുന്നതിനായി ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്ക്) ഏർപ്പെടുത്തിയ 'സല്യൂട്ട് കേരള 2024' ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. 100 കോടി രൂപ വിറ്റുവരവുള്ള 1000 വ്യവസായങ്ങൾ കേരളത്തിലേക്ക് ഒരു ലക്ഷം കോടി രൂപയുടെ വ്യാവസായിക വിറ്റുവരവ് കൊണ്ടുവരുമെന്ന് അദ്ദേഹം പറഞ്ഞു.സർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ബിസിനസ് ചെയ്യാൻ എളുപ്പമുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തെത്താൻ കേരളത്തെ സഹായിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ തുറമുഖ ടെർമിനൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വികസന കേന്ദ്രങ്ങളിലൊന്നായി മാറുമെന്ന് പ്രതീക്ഷിക്കുന്നതായി സംസ്ഥാന ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്ന വികസന മേഖല ആഗോള വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിന് സംരംഭകർക്ക് നിക്ഷേപം നടത്താൻ മികച്ച അവസരമൊരുക്കുന്നതായി കൊച്ചിയിൽ നടന്ന സല്യൂട്ട് കേരള പരിപാടിയിൽ മന്ത്രി പറഞ്ഞു. കേരളത്തിൻറെ സാധ്യതകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള ഏറ്റവും നല്ല സമയമാണിതെന്നും അദ്ദേഹം പറഞ്ഞു. ഇലക്ട്രോണിക്സ്, മെഡിക്കൽ ഉപകരണങ്ങൾ, കാർഷിക സംസ്കരണം, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകൾ കേരളത്തിൻറെ ഭാവി പ്രതീക്ഷയാണെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന സർക്കാരിൻറെ പുതിയ വ്യവസായ നയത്തിൻറെ വിശദമായ അവതരണം വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് നടത്തി.ആജീവനാന്ത സംഭാവനയ്ക്കുള്ള 'ഇൻമെക്ക് ലീഡർഷിപ്പ് സല്യൂട്ട്' പുരസ്കാരം ഡോ. പി.മുഹമ്മദ് അലി ഗൾഫാറിനു മന്ത്രി സമ്മാനിച്ചു.

ജോർജ്ജ് ജേക്കബ് മുത്തൂറ്റ്, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, ഡോ. വിജു ജേക്കബ്, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഗോകുലം ഗോപാലൻ, ഗോകുലം ഗ്രൂപ്പ്, വി കെ മാത്യൂസ്, ഐബിഎസ് സോഫ്റ്റ്വെയർ, ഡോ. കെ വി ടോളിൻ ടോളിൻസ് ടയേഴ്സ് ലിമിറ്റഡ്, കെ.മുരളീധരൻ, മുരള്യ, എസ് എഫ് സി ഗ്രൂപ്പ്, വി കെ റസാഖ്, വികെസി ഗ്രൂപ്പ്, ഷീല കൊച്ചൗസേപ്പ്, വി സ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, പി കെ മായൻ മുഹമ്മദ്, വെസ്റ്റേൺ പ്ലൈവുഡ്സ് ലിമിറ്റഡ്, ഡോ. എ വി അനൂപ്, എ വി എ മെഡിമിക്സ് ഗ്രൂപ്പ് എന്നിവർക്ക് ഇൻമെക്ക് എക്സലൻസ് സല്യൂട്ട് പുരസ്കാരവും നൽകി.ഇൻമെക്ക് ചെയർമാൻ ഡോ. എൻ.എം. ഷറഫുദ്ദീൻ, സെക്രട്ടറി ജനറൽ ഡോ.സുരേഷ്കുമാർ മധുസൂദനൻ, ഇൻമെക്ക് കേരള ചാപ്റ്റർ പ്രസിഡൻറ് ഡോ. അഡ്വ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി യൂനുസ് അഹമ്മദ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# ഇംഫാലിലേക്കും വാരണാസിയിലേക്കും ഓൾകാർഗോ ഗതി എയർ എക്സ്പ്രസ്

**കൊച്ചി.** രാജ്യത്തെ പ്രധാന നഗരങ്ങളിൽ നിന്ന് ഇംഫാലിലേക്കും വാരണാസിയിലേക്കും നേരിട്ട് അതിവേഗത്തിൽ വ്യോമ മാർഗം ചരക്കുകൾ എത്തിക്കുന്നതിന് ഓൾകാർഗോ ഗതി ലിമിറ്റഡ് എയർ എക്സ്പ്രസ് സർവീസ് ആരംഭിച്ചു. മുംബൈ, ഡെൽഹി, അഹമ്മദാബാദ്, ബെംഗളൂരു, ഹൈദരാബാദ്, പൂനെ, ചെന്നൈ, കൽക്കത്ത എന്നീ നഗരങ്ങളിൽ നിന്നാണ് ഇപ്രകാരം സർവീസ് തുടങ്ങിയത്. രാജ്യത്തെങ്ങുമുള്ള 34 കൊമേഴ്സ്യൽ വിമാനത്താവളങ്ങളിലേക്ക് ഇപ്പോൾ എയർ എക്പ്രസ് സർവീസുണ്ട്. ഒന്നും രണ്ടും തട്ടുകളിൽ പെടുന്ന നഗരങ്ങളിലേക്കും വ്യവസായ കേന്ദ്രങ്ങളിലേക്കും ചരക്കുകളും ഉൽപന്നങ്ങളും രാത്രി വൈകി ലഭിച്ചാലും പിറ്റേന്നു തന്നെ എത്തിച്ചേരും വിധമാണ് സർവീസ് ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയുടെ വ്യവസായ വളർച്ചയിലേക്കുള്ള സുപ്രധാന ചുവടു വെയ്പാണ് എയർ എക്സ്പ്രസ് സർവീസിന്റെ വികസനത്തോടെ നിർവഹിക്കപ്പെട്ടിട്ടുള്ളതെന്നും ഇടപാടുകാർക്ക് അതിവേഗ സർവീസ് ഉറപ്പു നൽകുന്നതായും ഓൾ കാർഗോ ഗതി ലിമിറ്റഡ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ ഉദയ് ശർമ്മയും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സന്ദീപ് കുൽക്കർണിയും പറഞ്ഞു.

# ഏഥർ എനർജി 'എയ്റ്റ്70ടിഎം വാറൻറി' അവതരിപ്പിച്ചു

**ന്യൂഡൽഹി:** ഇന്ത്യയിലെ വൈദ്യുത ഇരുചക്രവാഹന വ്യവസായത്തിലെ മുൻനിരക്കാരായ ഏഥർ എനർജി ലിമിറ്റഡ്, ഏഥർ 450 സീരീസിനും റിസ്റ്റ സ്കൂട്ടറുകൾക്കുമായി, റിലയൻസ് ജനറൽ ഇൻഷുറൻസുമായി സഹകരിച്ച് 'എയ്റ്റ്70ഠങ്ങ വാറൻറി' അവതരിപ്പിച്ചു. എയ്റ്റ്70ഠങ്ങ വാറൻറി നിരവധി ആനുകൂല്യങ്ങൾ പ്രദാനം ചെയ്ത് ദീർഘകാല ബാറ്ററി ആരോഗ്യം, പ്രകടനം, മാറ്റി സ്ഥാപിക്കൽ ചെലവുകൾ എന്നിവ സംബന്ധിച്ച ഉപഭോക്താക്കളുടെ ആശങ്കകൾ പരിഹരിക്കുന്നതാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഡിഫെൻഡർ യാത്ര 2024 ആരംഭിച്ചു

**കൊച്ചി:** ഡിഫെൻഡർ എസ് യുവികളിൽ രാജ്യം സന്ദർശിക്കുന്ന ഡിഫെൻഡർ യാത്ര മൂന്നാമത് എഡിഷൻ ആരംഭിച്ചു. താർ മരുഭൂമി, സാൻസ്കർ വാലി, ഉംലിംഗ് ലാ പാസ്, ലഡാക്ക് മേഖല, സ്പിതി വാലി, കൊങ്കൺ മേഖല എന്നിവയുൾപ്പെടെ രാജ്യത്തെ ചരിത്രപ്രസിദ്ധ സ്ഥലങ്ങളിലായി 21 ക്യൂറേറ്റ് ചെയ്ത യാത്രകളാണ് ഡിഫെൻഡർ യാത്രയുടെ മൂന്നാം പതിപ്പിൽ ഉണ്ടാകുക.. ആഡംബര താമസ സൗകര്യം, മികച്ച അതിഥി സേവനങ്ങൾ, അതുല്യമായ സാംസ്കാരിക അനുഭവങ്ങൾ, ഓഫ്റോഡ് ഡ്രൈവിംഗ് തുടങ്ങിയവ യാത്രയുടെ ഭാഗമായി ഉണ്ടാകും.

ഓഫ്റോഡ് സാങ്കേതികവിദ്യയുടെ ഏറ്റവും മികച്ച സ്യൂട്ട്, കരുത്തുറ്റതും ആകർഷകവുമായ ഇന്റീരിയർ ഡിസൈൻ, നൂതന ഇൻഫോടെയ്ൻമെന്റ് സംവിധാനങ്ങൾ, അത്യാധുനിക സുരക്ഷാ കണ്ടുപിടുത്തങ്ങൾ തുടങ്ങിയ മറ്റ് സുഖസൗകര്യങ്ങളും ഉൾക്കൊള്ളുന്ന ഏറ്റവും മികച്ച എസ് യുവിയാണ് ഡിഫെൻഡർ 110. യാത്രയിലുടനീളം, ആവശ്യമായ സഹായമോ മാർഗ്ഗനിർദ്ദേശമോ നൽകുന്നതിന് കൂഗർ മോട്ടോർസ്പോർട്ടിൽ നിന്നുള്ള പരിശീലനം ലഭിച്ച ഇൻസ്ട്രക്ടർമാരുടെ സേവനമുണ്ടാകും.ഡിഫെൻഡർ യാത്രകൾ അസാധാരണമായ സാഹസികതയ്ക്കും അവിസ്മരണീയമായ യാത്രാനുഭവങ്ങൾക്കും തുടക്കമിട്ടതായും സാഹസികതയും യാത്രകളും ഇഷ്ടപ്പെടുന്ന സമാന ചിന്താഗതിക്കാരെ ഒരുമിച്ചുചേർക്കാൻ കഴിഞ്ഞതായും ജെഎൽആർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാജൻ അംബ പറഞ്ഞു. യാത്രകൾക്കായി രജിസ്റ്റർ ചെയ്യാൻ കൗഗർ മോട്ടോർസ്പോർട്ടുമായി ബന്ധപ്പെടുക.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com